**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1445** **30-08-2022 - ൽ മറുപടിയ്ക്ക്**

**നദികളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 3.11.2017-ൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭാരതപ്പുഴയുടെ നവീകരണത്തിനും പെരിയാർ, ചാലിയാർ, പമ്പ, കല്ലട, വാമനപുരം, ചന്ദ്രഗിരി, കരമന, മീനച്ചിൽ എന്നീ നദികളുടെ സംരക്ഷണത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ? | (എ) | 03.11.2017-ൽ ബഹു. മുൻ റവന്യൂ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഉന്നത തല സമിതി യോഗത്തിൽ ഭാരതപ്പുഴ, പെരിയാർ, ചാലിയാർ, പമ്പ, കല്ലട, വാമനപുരം, ചന്ദ്രഗിരി, കരമന, മീനച്ചിൽ എന്നീ നദികളിലെ സംരക്ഷണ പ്രവൃത്തികൾക്ക് മുൻഗണന നൽകുന്നതിനു തീരുമാനിച്ചിരുന്നു. ടി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭാരതപ്പുഴ, പെരിയാർ, ചാലിയാർ, പമ്പ, കല്ലട, വാമനപുരം, ചന്ദ്രഗിരി, കരമന, മീനച്ചിൽ എന്നീ 9 നദികളുടെ സംരക്ഷണ പ്രവൃത്തിയ്ക്കു കൂടുതൽ ശ്രദ്ധ ചെലുത്തുവാൻ 21.11.2017 തീയതിയിലെ 30433/പി3/16/റവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നല്കിയിട്ടുള്ളതാണ്. ടി സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഭാരതപ്പുഴയുടെ നവീകരണത്തിനും പെരിയാർ, ചാലിയാർ, പമ്പ, കല്ലട, വാമനപുരം, ചന്ദ്രഗിരി, കരമന, മീനച്ചിൽ എന്നീ നദികളുടെ സംരക്ഷണത്തിനും സ്വീകരിച്ചിട്ടുള്ളതും, നിലവിൽ സ്വീകരിച്ചു വരുന്നതുമായ നടപടികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ഭാരതപ്പുഴ

1. പാലക്കാട് ജില്ലയിൽ ഭാരതപ്പുഴ മൂലം ഉണ്ടാവുന്ന പ്രളയ ദുരിതം കുറയ്ക്കുന്നതിനായി നദിയിലെ എക്കൽ നീക്കം ചെയ്ത് ടി പുഴയുടെ സ്വാഭാവിക നീരൊഴുക്ക് പുനഃസ്ഥാപിക്കുന്നതിന് നദിയുടെ പുനരുജ്ജീവന പ്രവർത്തനങ്ങളുടെ ഭാഗമായി പുഴയുടെ വിവിധ ഭാഗങ്ങളിൽ ഇറിഗേഷൻ വകുപ്പ്, ഡിസാസ്റ്റർ മാനേജ്മെന്റ് എന്നീ വകുപ്പുകളുടെ സഹായത്തോടെ നദീ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

2. നദികളെ സജീവമായി നിലനിർത്തി അവയെ സംരക്ഷിക്കുന്നതും, നദീതീരങ്ങളെ ബലപ്പെടുത്തുന്നതിനുമായി കോൺക്രീറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ പരമാവധി ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത പ്രദേശത്ത് പരിസ്ഥിതിക്ക് അനുയോജ്യമായ മരങ്ങൾ, ചെടികൾ, മുള, കണ്ടൽകാടുകൾ എന്നിവ വച്ചുപിടിപ്പിക്കുന്നതിന് പരിസ്ഥിതി വകുപ്പിനും, ബയോഡൈവേഴ്സിറ്റി, തദ്ദേശസ്വയംഭരണ വകുപ്പിനും, ജില്ലാതല സമിതി അംഗങ്ങൾക്കും പാലക്കാട് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

3. 01.03.2019-ലെ സ.ഉ (സാധാ) നം.730/2019/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭാരതപ്പുഴയുടെ സാന്റ് ആഡിറ്റ് പൂർത്തികരിച്ചിട്ടുണ്ട്. പോഷക നദിയായ ഗായത്രിപ്പുഴയുടെ സാന്റ് ആഡിറ്റ് റിപ്പോർട്ട് 30.09.2020-ലെ സ.ഉ (സാധാ) നം.2978/ 2020/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ളുതപ്പുഴയുടെ സാന്റ് ആഡിറ്റിംഗ് അന്തിമ ഘട്ടത്തിലാണ്.

4. തൃശ്ശൂർ ജില്ലാ പരിധിയിൽ ഉൾപ്പെടുന്ന ഭാരതപ്പുഴയുടെ (സ്ട്രെച്ച് 1 & 2) ഭാഗങ്ങളിൽ നിന്നും ഖനനംചെയ്യുന്നതിനുള്ള മണലിന്റെ ലഭ്യതയുമായി ബന്ധപ്പെട്ട സാന്റ് ആഡിറ്റിംഗ് റിപ്പോർട്ട് സർക്കാർ 25.05.20202-ലെ സ.ഉ. (സാധാ) നം 1906/20202/റവ, 16.09.2020-ലെ സ.ഉ.(സാധാ)നം. 2882/2020/റവ എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. ടി സാന്റ് ആഡിറ്റിംഗ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, മണൽഖനനം ആരംഭിക്കുന്നതിന് മുന്നോടിയായി സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി (SEIAA) യിൽ നിന്നും പാരിസ്ഥിതികാനുമതി ലഭിക്കേണ്ടതുണ്ട്. ആയതിന്റെ ഭാഗമായി ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാർതലത്തിൽ പുരോഗമിച്ച് വരുന്നുണ്ട്. ഭാരതപ്പുഴയിലെ

അനധികൃത മണൽവാരൽ തടയുന്നതുമായി ബന്ധപ്പെട്ട് തലപ്പിള്ളി താലൂക്കിൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ട്. തലപ്പിള്ളി താലൂക്ക് പരിധിയിൽ ഉൾപ്പെടുന്ന ഭാരതപ്പുഴയുടെ ഭാഗങ്ങളിലെ തീര കയ്യേറ്റങ്ങൾ പരിശോധിക്കുന്നതിനും യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനും തലപ്പിള്ളി തഹസിൽദാർ മുഖേന വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും, ലഭ്യമായ പരാതികൾ പരിശോധിച്ച് ആയത് ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ താലൂക്ക് തലത്തിൽ സ്വീകരിച്ച് വരുന്നതുമാണ്.

5. മലപ്പുറം ജില്ലയിൽ ഭാരതപ്പുഴയിൽ അടിഞ്ഞു കൂടിയിട്ടുള ഡെബ്രിസ് നീക്കം ചെയ്ത് , പ്രളയ ദുരിതം കുറയ്ക്കുന്നതിനായുള്ള പ്രവർത്തികൾ നടത്തിയിട്ടുണ്ട്.

6. ഭാരതപ്പുഴയിലെ "Protecting eroded left abutment portion of Cheruthuruthy Checkdam in Vallathol Nagar Panchayath in Thrissur district എന്ന നദീസംരക്ഷണ പ്രവൃത്തികൾ ആയതിന്റെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് Flood damage ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്.

7. 11.02.2019-ലെ G.O (Rt) No.481/19/ RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭാരതപ്പുഴയിൽ Flood Level Marking Survey നടത്തുകയും , 37 Flood Level മാർക്കറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

## പെരിയാർ

1. എറണാകുളം ജില്ലയിലെ പ്രധാന നദിയായ പെരിയാറിന്റെ നീരൊഴുക്ക് സുഗമമാക്കുന്നതിനായി ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ഇറിഗേഷൻ വിഭാഗവുമായി ചേർന്ന് "ഓപ്പറേഷൻ വാഹിനി" പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതി വിജയകരമായി പുരോഗമിച്ചു വരുന്നതിന്റെ ഫലമായി എറണാകുളം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ വെള്ളക്കെട്ട് ഒഴിവായിട്ടുള്ളതാണ്.

2. 2018-2019 കാലയളവിൽ കരുമാല്ലൂർ ഗ്രാമ പഞ്ചായത്തിന് സമീപം പെരിയാറിന്റെ കൈവഴിയായ കൈപ്പട്ടി പുഴയുടെ തീരം കെട്ടി സംരക്ഷിക്കുന്നതിനുള്ള പദ്ധതിയ്ക്ക് 09.11.2018-ലെ സ.ഉ (സാധാ) നമ്പർ 4674/2018/റവന്യൂ പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതാണ്.

3. പെരിയാർ നദിയുടെ പ്രളയാനന്തര സാന്റ് ആഡിറ്റിംഗ് നടത്തുന്നതിന് 24.01.2019-ലെ G.O(Rt)No. 254/2019/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. ആയതു പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

4. 11.02.2019-ലെ G.O(Rt)No.481/2019/ RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പെരിയാർ നദിയിൽ Flood Level Marking Survey നടത്തുകയും , 23 Flood Level മാർക്കറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

5. നദികളെ സജീവമായി നിലനിർത്തി അവയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഇറിഗേഷൻ വകുപ്പ് സ്വീകരിച്ചുവരുന്നതായും ആയതിലേയ്ക്കായി കണ്ടൽച്ചെടികൾ നട്ടുപിടിപ്പിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കിവരുന്നതുമാണ്.

**<u>ചാലിയാർ</u>**

1. ചാലിയാർ പുഴയുടെ പ്രളയാനന്തര സാന്റ് ആഡിറ്റിംഗിന് 24.01.2019-ലെ G.O(Rt) NO. 254/19/RD മ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതു പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

2. മലപ്പുറം ജില്ലയിൽ ചാലിയാർ നദിയിൽ അടിഞ്ഞു കൂടിയിട്ടുള ഡെബ്രിസ് നീക്കം ചെയ്ത്, പ്രളയ ദുരിതം കുറയ്ക്കുന്നതിനായുള്ള പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

**<u>കല്ലട നദി</u>**

1. കൊല്ലം ജില്ലയിലെ കല്ലട നദിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ ചെലുത്തി വരുന്നു. ആയതുമായി ബന്ധപ്പെട്ട് നിലവിൽ 07.11.2018 -ലെ സ.ഉ (സാധാ) നം.4649/ 2018/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള തെന്മല പഞ്ചായത്തിലെ ഉറുകുന്ന് ആദിവാസി കോളനി കുന്നുമണൽ ഭാഗത്തിന് സമീപം കല്ലടയാറിന്റെ വലത് തീരം സംരക്ഷണം, കുന്നത്തൂർ പഞ്ചായത്തിലെ പല്ലേക്കാട്ട് കടവിനും ഇരുവീട്ടുകാല കടവിനുമിടയിൽ കല്ലടയാറിന്റെ വലത് തീരം സംരക്ഷണം എന്നീ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

2. കൊല്ലം ജില്ലയിലെ കുളക്കട പഞ്ചായത്തിലെ തേവരുകടവിനും മക്കാകടവിനുമിടയിൽ കല്ലടയാറിന്റെ ഇടത് തീരം സംരക്ഷിക്കുന്നതിനായുള്ള പ്രവൃത്തിയ്ക്ക് 08.08.2022 തീയതിയിലെ G.O(Rt)No.3372/2022/RD നമ്പർ സർക്കാർ

ഉത്തരവ്പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതും ടി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ് .

3. നദീതീര സംരക്ഷണവുമായി ബന്ധപ്പെട്ട് പരിസ്ഥിതിക്ക് അനുയോജ്യമായ മരങ്ങളും ചെടികളും നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. 18.09.2018-ലെ G.O (Rt) No.3860/2018/ RD പ്രകാരം കല്ലട നദിയിൽ, 'സംരക്ഷണ ബോധവൽക്കരണ പദ്ധതി' കേരള സർവ്വകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെ എൻ.എസ്.എസ് യൂണിറ്റുകൾ മുഖാന്തിരം നടപ്പിലാക്കിയിട്ടുണ്ട്..

<u>വാമനപുരം & കരമന നദി</u>

1. തിരുവനന്തപുരം ജില്ലയിൽ വാമനപുരം നദിയുടെ പുനരുജ്ജീവനത്തിനുവേണ്ടി നദി കടന്നുപോകുന്ന നാലു നിയമസഭ മണ്ഡലങ്ങളായ വാമനപുരം, അരുവിക്കര, ചിറയിൻകീഴ്, ആറ്റിങ്ങൽ എന്നിവയിലെ എം.എൽ.എ മാരുടെ ഒരു സമിതി രൂപീകരിക്കുകയും അതിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അംഗമായും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സമിതിയുടെ കോർഡിനേറ്ററായും നിയമിച്ച് പ്രവർത്തനം ആരംഭിക്കുകയും അതിന്റെ ഭാഗമായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ലാൻഡ് യൂസ് ബോർഡിന്റെ കമ്മീഷണർ കൺവീനറായും ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ചെയർമാനായും ജില്ലയിലെ ജില്ലാതല ഉദ്യോഗസ്ഥ മേധാവികളേയും ഉൾപ്പെടുത്തി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും നിരവധി ചർച്ചകൾ നടത്തി DPR തയ്യാറാക്കുകയും പ്രസ്തുത DPR ബഹു. മുഖ്യമന്ത്രി പ്രകാശനം ചെയ്യുകയും, DPC-യിൽ ജില്ലാ പ്ലാനിംഗ് ബോർഡ് അംഗീകരിച്ച് ബഡ്ജറ്റിൽ ഉൾപ്പെടുത്തി ആദ്യ ഘട്ടമെന്ന നിലയിൽ 2 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായിക്കൊണ്ടുള്ള കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുകയും അതിൽ കൃഷി വകുപ്പ്, DPO, BDP, KSEB, ക്ലീൻ കേരളാ മിഷൻ, ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ പൊതുവകുപ്പ് എന്നീ വകുപ്പുകളെ കൂടെ ഉൾപ്പെടുത്തുകയും വാമനപുരം നദിയുമായി ബന്ധപ്പെട്ടുവരുന്ന പ്രവർത്തികൾ എല്ലാംതന്നെ 'ഓപ്പറേഷൻ നീർധാര' എന്ന പദ്ധതിയുടെ കീഴിൽ കൊണ്ടുവരുകയും ചെയ്തിട്ടുണ്ട്. കൂടാതെ മഴക്കാലമുന്നൊരുക്കങ്ങളുടെ ഭാഗമായി നദികളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും അവസാദങ്ങളും നീക്കുന്നതിന് ആരംഭിച്ചിട്ടുള്ള 'ഓപ്പറേഷൻ ജലധാര' പദ്ധതിയിൽ കരമന, വാമനപുരം നദികൾ ഉൾപ്പെടുത്തുകയും ഇരു നദികളിലും അതിന്റെ കൈവഴികളിലും അടിഞ്ഞു കൂടിയിട്ടുള്ള ചെളിയും

അവസാദങ്ങളും നീക്കം ചെയ്യുകയും നദിയിലേക്കുള്ള നീരൊഴുക്ക് സുഗമമാക്കുകയും ഇതുവഴി നദിയുടെ സ്വാഭാവിക ഒഴുക്ക് ത്വരിതപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്.

2. 18.09.2018-ലെ സ.ഉ (സാധാ) നം.3860/2018/റവന്യൂ ഉത്തരവ് പ്രകാരം വാമനപുരം നദിയിൽ, കേരള സർവ്വകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെ എൻ.എസ്.എസ് യൂണിറ്റുകൾ മുഖാന്തിരം സംരക്ഷണ – ബോധവൽക്കരണപദ്ധതിനടപ്പിലാക്കിയിട്ടുണ്ട്.

**പമ്പാ**

1. പത്തനംതിട്ട ജില്ലയിൽ പമ്പാ നദിയാണ് റവന്യൂ വകുപ്പിന്റെ അധീനതയിലുള്ളത്. കാലവർഷം മൂലമുണ്ടാകുന്ന പ്രളയസാധ്യത കുറയ്ക്കുന്നതിനായി നദിയിൽ അടിഞ്ഞു കൂടിയ മണ്ണും ചെളിയും മറ്റവശിഷ്ടങ്ങളും നീക്കം ചെയ്യുന്ന പ്രവർത്തി (Desiltation) ഇറിഗേഷൻ വകുപ്പുമായി ചേർന്ന് നടത്തി വരുന്നു. ടി പ്രവർത്തി മൂലം 2022 ആഗസ്റ്റ് മാസമുണ്ടായ കാലവർഷ സമയത്ത് പ്രളയ സാധ്യത കുറയ്ക്കാൻ കഴിഞ്ഞിട്ടുള്ളതാണ്.

2. നദീതീരങ്ങൾ മരങ്ങളും മുളങ്കാടുകളും വച്ച് സംരക്ഷിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപടി സ്വീകരിച്ചു വരുന്നു.

3. പമ്പാ നദിയുടെ പ്രളയാനന്തര സാന്റ് ആഡിറ്റിംഗ് 24.01.2019-ലെ G.O(Rt) No.254/19/RD സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്.ആയതു പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

4. 11.02.2019-ലെ G.O(Rt) No.481/19/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പമ്പാ നദിയുടെ Flood Level Marking സർവ്വേ നടത്തുകയും 18- Flood Level മാർക്കറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

**മീനച്ചിൽ**

1. കോട്ടയം ജില്ലയിലെ മീനച്ചിൽ നദിയിലെ പ്രളയ ദുരിതം കുറയ്ക്കുന്നതിനായി നദിയിലെ എക്കൽ നീക്കം ചെയ്ത് പുഴയുടെ സ്വാഭാവിക നീരൊഴുക്ക് പുനസ്ഥാപിക്കുന്നതിന് നദിയുടെ പുനരുജ്ജീവന പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ഭാഗങ്ങളിൽ മേജർ ഇറിഗേഷൻ വകുപ്പ്, ഡിസാസ്റ്റർ മാനേജ്മെന്റ് എന്നിവരുടെ സഹായത്തോടെ പുഴ പുനർജ്ജനി പദ്ധതി മുഖേന നദീ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

2. 11.02.2019-ലെ G.O(Rt) No.481/19/ RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മീനച്ചിൽ നദിയുടെ Flood Level Marking Survey നടത്തുകയും 10- Flood Level മാർക്കറുകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്.

**<u>ചന്ദ്രഗിരിപ്പുഴ</u>**

1) കാസറഗോഡ് ജില്ലയിലെ ചന്ദ്രഗിരിപ്പുഴയിൽ നിന്നും , ദുരന്ത നിവാരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ അടിഞ്ഞുകൂടിയ ചെളി നീക്കം ചെയ്ത് സംരക്ഷണ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

2. ചന്ദ്രഗിരിപ്പുഴ (പാർട്ട് -II)-യുടെ സാൻഡ് ആഡിറ്റ് റിപ്പോർട്ട് 18.06.2020 -ലെ GO(Rt)No.2223 / 2020/ RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

**MINUTES OF THE STATE HIGH LEVEL COMMITTEE MEETING CHAIRED BY HON'BLE MINISTER (REV & HOUSING) HELD ON 03.11.2017 AT 10.30 A.M**

The meeting started at 10.30 a.m. The list of participants is given below.

1. Sri. Joshy K.A, Chief Engineer, Irrigation Department
2. Smt. Sandhya IPS , Additional Director General of Police , South zone, Thiruvananthapuram,
3. Dr.K.Soman, Former Scientist, Centre for Earth Science Studies, Akkulam, Thiruvananthapuram.
4. Sri. R.Ajayan, Environmentalist , Neerajam, M.L.A Road, Kudappanakkunnu, Thiruvananthapuram.
5. Dr. Biju Longhinos , Assistant Professor in Geology, Department of Civil Engineering College of Engineering, Thiruvananthapuram.
6. Dr. D. Sajith Babu IAS , Director in charge, ILDM
7. Rajasekhara Kurup. R, Joint Secretary, Law Department
8. Sri. Sabin Sameer, Assistant Commissioner, LA, Thiruvananthapuram.

At the outset of the meeting the Hon'ble Minister discussed the decisions taken in the last meeting. Three Regional Workshops regarding Kerala protection of River Banks were conducted all over Kerala and the Three Member Expert Committee inspected the sites and submitted the report. The report submitted by them was evaluated by the State High Level Committee. The Additional Chief Secretary, proposed that river protection works should be mainly based on vegetative protection works. The Committee Members also agreed with this . After detailed discussions the following decisions were taken.

1. Priority should be given to the river protection works in 9 rivers namely Bharathapuzha, Periyar, Chaliyar, Pamba, Kallada, Vamanapuram, Chandragiri, Karamana and Meenachil.

2. River banks should be strengthened by Vegetative Protection means instead of Concrete Construction. Side wall protection will be allowed only

in very essential and damaged portion of the river.

3. Construction of Kadavus/bathing ghats may not be entertained under RMF, since they don't favour any protection or rejuvenation of river This can be done by utilising funds of Local Self Government Department.

4. Construction of check dams shall not be entertained under River Management Fund as they can be constructed under Minor Irrigation Department Works.

5. The District Collectors shall give proper instruction to District Level Expert Committee to meet at regular intervals and to propose the works based on the above decisions with proper recommendation.

6. Need and necessity of the Works shall be ascertained by District Level Expert Committee with the help of technical experts of this field and site inspection before preparing the proposals.

7. The District collector need not send the proposals without approving District Level Expert Committee henceforth.

8. In future detailed proposals with estimate should be submitted in template form with photos, indicating boundaries, survey details etc.

9. A circular shall be issued for giving direction on the above points. (Action – Revenue (P) Department)

10. Special consideration must be given to the protection works of rivers, from which sand mining is permitted.

11. Permission is given to start the work of 4 bridges sanctioned vide G.O (Rt) No.6032/15/RD dated 19.11.2015 and which were not started yet , by utilizing the RMF of respective districts. Nirmithi Kendras of the respective districts will be the nodal agency for implementing the construction. Concerned District Collectors (Kollam, Ernakulam, Malappuram and Kannur) should take necessary steps to start the work immediately. ACS (Revenue) may examine whether the agreement on the remaining four works be cancelled.

12. Special Protection Force as envisaged in Section 26A of Kerala Protection of River Bank and Regulation of Removal of Sand Amendment Act of 2013 shall be constituted immediately. ADGP (South Zone) may give her suggestions on the same.

13. An amount of Rs.10 crores may be transferred from the RMF of Malappuram District to River Management Fund of Pathanamthitta District so as to meet the expenditure regarding the construction of 5 bridges sanctioned vide G.O (Rt) No.6032/15/RD dated 19.11.2015. (Action : District Collector, Malappuram).

14. An amount of Rs.91 lakhs may be transferred from the RMF of Malappuram to the RMF of Pathanamthitta for passing the pending bills relating to RMF works other than the works of 5 bridges (Action : District Collector, Malappuram)

15. Cancellation of the RMF work "Urgent dredging work in Palakkad river mouth (Azhi) in Ramanthali Panchayath in Kannur District" vide G.O(Ms) No.349/17/RD dated 20/10/2017 is ratified.

16. Request from District Collector, Kozhikkode , for the ratification of the purchase of 2 Ford figo vehicles instead of the Bolero sanctioned vide G.O (Rt) No.4725/14/RD dated 25.09.2014 is approved.

17. As per the decision taken in the last State High Level Committee Meeting, the 3 Member Expert Committee submitted site-wise recommendations of the works in Thrissur, Malappuram, Palakkad & Thiruvananthapuram Districts which were further discussed by the State High Level Committee and decided as follows:

| SL NO | Name of the work in Thrissur District | Estimate Amount (in lakhs) | Decision |
|---|---|---|---|
| 1 | Protection works to the eroded right bank of Chalakudy river down stream of Kombanpara check dam including construction of ramps and stabilizing the upstream side of bund of check dam in Meloor Panchayath | 20.00 | Protection works to the breached down stream left bank protection wall is approved by the Committee. Exclude the ramps and stabilisation of the |

| | | | |
|---|---|---|---|
| | | | upstream bund / road laying, and District Collector is directed to submit Revised Estimate. |
| 2 | Construction of Kadavu with platform at Kudungapuzha Siva Temple in Kadukutty Panchayath on the left bank of chalakudy river including protection wall. | 12.85 | Approved as recommended by the Site Inspection team. ie. Construction of Kadavu not approved. Constru ction of protection wall is not necessary. Vegetative protection may be offered. |
| 3 | Protection works to the eroded right bank of Chalakudy river at Veloorkkara pump house and construction of kadavu in Pariyaram Panchayat. | 19.50 | Construction of Temple Kadavu not approved. Protection works to the eroded right bank of the river downstream of water extraction point is approved on condition that essential minimum side protection wall construction that too after ascertaining the river boundary . District Collector is directed to submit revised estimate. |
| 4 | Protection works to the eroded right bank of Chalakudy river between Vettukadavu bridge and Koodapuzha check dam in Chalakudy Municipality including construction of Ambalakadavu of | 120.00 | Not approved. |

| | | | |
|---|---|---|---|
| | Koodapuzha Durga Bhagavathi Temple. | | |
| 5 & 6 | A. Protection works to the eroded right bank of Chalakudy river down stream of Malakkaran Kadavu in Chalakudy Municipality<br>B. Protection works to the eroded right bank of Chalakudy river upstream of Hospital Kadavu in Chalakudy Municipality | 40.00<br><br><br><br>34.00 | Not approved. Vegetative protection with a provision for a walk way after ascertaining the land boundary is approved and revised estimate to be submitted for consideration after conducting survey and demarcating the river boundary. |
| 7& 8 | A. Improvements and protection works to the left bank of Wadakkanchery river between Chaliapadam Chira and Kummaya Chira in Wadakkanchery Municipality in Thrissur District.<br><br>B. Improvements and protection works to the left bank of Wadakkanchery river at upstream and downstream of Wadakkanchery road bridge in Wadakkanchery Municipality in Thrissur District. | 100.00<br><br><br><br><br><br><br>100.00 | The recommendation of the 3 member Expert Committee was approved by the Committee ie. 70 m stretch on the left bank of the puzha adjacent to the Wadakkanchery road bridge is sanctioned for protection work as it will complete the protection wall upto the bridge. District Collector has to submit revised estimate accordingly. |

**MALAPPURAM**

| Sl.No. | Name of the work in Malappuram District | Estimate Amount (in lakhs) | Decision |
|---|---|---|---|
| 1 | Construction of side protection wall for right bank of Olipuzha at upstream of Mampatta bridge in Karuvarakkundu Panchayath | 45.50 | Approved |
| 2 | Protecting the left bank of Biyyam Kayal downstream side of Biyyam Regulator cum Bridge in Maranchery Panchayath in Malappuram District | 50.00 | Not approved as the site falls under Coastal Regulation Zone (CRZ) |
| 3 | Protecting the left bank of Kuthirapuzha near Vallikkettu drinking water scheme in Mampad Panchayath | 35.00 | Recommended to strengthen the river course by chipping away the accumulated & accreted material on the east bank (right bank) . After conducting surveying revised proposal has to be submitted. |
| 4 | Protecting the right bank of Chaliyar River near the Nadukandi Kadavu in Kizhuparambu Panchayath. | 20.50 | Protection wall Construction is approved. It needs to be a combination of 1 to 2 m high retaining wall with rubble masonry without using cement or concrete and vegetative cover over it using appropriate riparian species after |

| | | | |
|---|---|---|---|
| | | | demarcating the river boundary. For the river, Chaliyar, Vegetative cover protection is the apt one considering the deep and steep nature of its banks. Submit revised estimate |
| 5 | Protecting the right bank of Thootha River at Bhoothathan Kadavu in Pulamanthole Panchayath. | 50.00 | Not approved. |
| 6 | Protecting the right bank of Chaliyar River at Kolothumthodi - Kakkuzhi Kunnath" Ward No.X, Kuniyil, Kizhuparamb Panchayath | 16.75 | Considering the morphologic setting in the river stretch, protection wall construction is recommended, but with a height of only 1 to 2 m followed by planting of riparian species for double the length proposed. Submit revised estimate. |
| 7 | Protecting the left bank of Kadalundi river near Panampattakadavu at Padinjattumuri in Kootilanghadi Panchayath in Malappuram District | 16.40 | Approved. Vegetative Protection is also recommended. |
| 8 | Protection of Kadalundi river at the downstream left of Nooradai Bridge at Cholasseri Kadavu in Kodur Panchayath. | 50.00 | Approved. In order to avoid further bank slumping, the Committee suggested to restrict the height of the wall up to the upper flood level followed by |

| | | | |
|---|---|---|---|
| | | | planting of riparian vegetation, after demarcating the river boundary by the Taluk Surveyor. District Collector is directed to submit revised estimate |
| 9 | Protecting the River bank at Chaliyar river near the Areacode bridge, downstream of Mukkam Kadavu, at Kizhuparamb Grama Panchayath | 15.80 | Approved. |
| 10 | Protecting the banks of Kuthirapuzha near Vadapuram bridge in Mampad Panchayath | 28.50 | The work has been completed by the Minor Irrigation Department . So no action necessary from RMF |
| 11 | Side protection works to Right Bank of Bharathapuzha near Pizharakkal Dhurga Bhagavathi Temple Parassannur in Kuttippuram Grama Panchayath - Malappuram District (First phase for a length of 60.00m) | 50.00 | Not approved. |

**PALAKKAD**

| Sl. No. | Name of the work in Malappuram District | Estimate amount (in lakhs) | Decision |
|---|---|---|---|
| 1 | Urgent remedial work to the eroded portion of the right bank of Anchumoorthy check dam in Kannadi puzha near Chandrasekharapuram gramam at Edathara in Parali Panchayat. | 40.00 | Approved |
| 2 | Construction of check dam additional length of eroded portion of river at Pudukode bhagam check dam site at Bharathappuzha at ch.7/100 km at old Parali bridge in Mankara Panchayat | 125.00 | Not approved. |
| 3 | Urgent protection works to the R/S bund of Bharathapuzha U/S of Muttikadavucheckdam at Vattapallam, Thenur in Parali Panchayat. | 8.50 | Not approved. |
| 4 | Protection work to Velliyarpuzha at Kannamkode in Kanjirapuzha at Alanallur Grama Panchayat | 14.60 | Not approved. River boundary has to be surveyed.<br>Recommended to carry out the work by Minor Irrigation Department |
| 5 | Urgent protection work to both banks of Bharathapuzha near Bhoothakkayam checkdam Lakkidi, Perur Panchayat. | 20.00 | I metre foundation followed by vegetative cover with appropriate riparian species may be tested here, after demarcating the river boundary, which at the site includes areas beyond the water front. |

| | | | |
|---|---|---|---|
| | | | Revised estimate has to be submitted accordingly. |
| 6 | Side protection works to upstream left side of chooriyode river at Kundukandam in Karakurussi Grama Panchayat. | 13.00 | Approved |
| 7 | Side protection work to left bank of Bharathapuzha near Njangattiri at U/S Pattambi Bridge in Thrithala Panchayath Phase 3 | 11.70 | Approved |
| 8 | Renovation of Vattampadnam VCB across Cheenampuzha (Tributory of Bharathapuzha) and protection of breached portion at Tharikanni Melarkode Grama Panchayat | 25.00 | Not approved. Recommended to be done by Minor Irrigation Department |
| 9 | Side protection work to left bank of Bharathapuzha near Njangattiri at U/S Pattambi Bridge in Thrithala Panchayath Phase 4 | 10.55 | Approved |
| 10 | Construction of checkdam across Velliyarpuzha at Palakkadavu in Alanellur Grama Panchayath | 99.50 | Deferred the case |

# Thiruvananthapuram

| Sl.No | Name of the work | Estimate Amount (in lakhs) | Decision |
|---|---|---|---|
| 1 | Reconstruction of right side wall in Thoppu thodu near Chullamukku, Thamalam, Karamana West, Thiruvananthapuram Corporation. | 15.85 | Approved |

The estimate already examined and pending in Government will not be considered further as Government gives emphasis for the protection works of river bank through vegetative protection means, and rejuvenation of rivers.

The meeting ended at 1.15 p.m

കേരള സർക്കാർ

നം. 30433/പി3/16/റവ

റവന്യൂ (പി) വകുപ്പ്
തീയതി, 21.11.2017

## സർക്കുലർ

വിഷയം: റവന്യൂ വകുപ്പ് - റിവർ മാനേജ്മെന്റ് വിനിയോഗിച്ച് നദീ തീര സംരക്ഷണ പ്രവർത്തികൾ ചെയ്യുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ - സംബന്ധിച്ച്.

03.11.2017-ൽ ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, നദികൾ സജീവമാക്കുന്നതിന്റെ ഭാഗമായി നദീതീര സംരക്ഷണ പ്രവൃത്തികൾ ചെയ്യുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങളെ സംബന്ധിച്ചും, ജില്ലാ വിദഗ്ദ്ധ സമിതി മുഖേന ശുപാർശകൾ സമർപ്പിക്കുമ്പോൾ കർശനമായി പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ചും താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭാരതപ്പുഴ, പെരിയാർ, ചാലിയാർ, പമ്പ, കല്ലട, വാമനപുരം, ചന്ദ്രഗിരി, കരമന , മീനച്ചിൽ എന്നീ 9 നദികളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

2. നദികളെ സജീവമായി നിലനിർത്തി അവയെ സംരക്ഷിക്കുന്നതിനും, നദീതീരങ്ങളെ ബലപ്പെടുത്തുന്നതിനുമായി കോൺക്രീറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ പരമാവധി ഒഴിവാക്കി പ്രസ്തുത പ്രദേശത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ മരങ്ങളും ചെടികളും നട്ടു പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് . ഇനി മുതൽ ഇത്തരത്തിലുള്ള സംരക്ഷണ പ്രവർത്തനത്തിന് മുൻതൂക്കം നൽകുന്നതിന് ജില്ലാതല സമിതി അംഗങ്ങൾക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകേണ്ടതാണ്.

3. വളരെ അത്യാവശ്യമുള്ള പ്രദേശങ്ങളിൽ മാത്രം കോൺക്രീറ്റ് ബണ്ട് നിർമ്മാണം ചെയ്യേണ്ടതും അത്തരം കേസുകളിൽ സർവ്വേ വിശദാംശങ്ങളും ഫോട്ടോയും സഹിതമുള്ള എസ്റ്റിമേറ്റ് സമർപ്പിക്കേണ്ടതുമാണ്.

4. ജില്ലാ വിദഗ്ദ്ധ സമിതി അംഗീകരിച്ച ശുപാർശകൾ മാത്രമേ സംസ്ഥാനതല സമിതിക്ക് സമർപ്പിക്കുവാൻ പാടുള്ളു.

5. ഓരോ പ്രവർത്തിയുടെയും ആവശ്യകത വിലയിരുത്തിയതിനു ശേഷം വേണം സംസ്ഥാനതല ഉന്നതതല സമിതിക്ക് ശുപാർശ സമർപ്പിക്കേണ്ടത്. ഇതിനായി ജില്ലാ വിദഗ്ദ്ധ സമിതിയിലെ സാങ്കേതിക വിദഗ്ദ്ധരുടെയും പരിസ്ഥിതി പ്രവർത്തകരുടെയും സേവനം ഉപയോഗിച്ച് സ്ഥല പരിശോധന നേരിട്ട് നടത്തി പ്രൊപ്പോസലുകൾ തയ്യാറാക്കേണ്ടതാണ്.

6. കളിക്കടവുകളുടെയും, അമ്പലക്കടവുകളുടെയും നിർമ്മാണം നദീസംരക്ഷണത്തിന് സഹായിക്കുന്ന പ്രവൃത്തികളല്ലാത്തതിനാൽ ഇത്തരം പ്രവൃത്തികൾ RMF-ൽ ഉൾപ്പെടുത്താതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് ചെയ്യാവുന്നതാണ്.

7. ചെക്ക് ഡാമുകളുടെ നിർമ്മാണം, ജലസേചന സംവിധാനത്തിന് ഉപകരിക്കുന്ന പ്രവൃത്തിയാണെന്നതിനാൽ മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന ചെയ്യുന്നതാണ് കൂടുതൽ ഉചിതം .

8. മണൽവാരൽ അംഗീകരിച്ചിട്ടുള്ള നദികളിലെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകേണ്ടതാണ്.

9. ജില്ലാ വിദഗ്ധ സമിതി അതിലെ എല്ലാ അംഗങ്ങളെയും ഉൾപ്പെടുത്തികൊണ്ട് കൃത്യമായ ഇടവേളകളിൽ യോഗം ചേരേണ്ടതും, മേൽപറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രൊപ്പോസലുകൾ ശുപാർശ ചെയ്യേണ്ടതുമാണ്. ഈ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർ ജില്ലാ വിദഗ്ധ സമിതി അംഗങ്ങളെ അറിയിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

**പി. എച്ച് കുര്യൻ**

അഡീഷണൽ ചീഫ് സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്
പി.റ്റി.പി നഗർ, തിരുവനന്തപുരം - 38
കരുതൽ ഫയൽ/ഓഫീസ് കോപ്പി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

പകർപ്പ് :

ബഹു: റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ്- ഭാരതപ്പുഴയിൽ സാൻഡ് ഓഡിറ്റിംഗ് നടത്തുന്നതിന് ഏജൻസികളെ നിശ്ചയിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (പി) വകുപ്പ്

**സ.ഉ.(സാധാ) നം.730/2019/റവ.** തീയതി,തിരുവനന്തപുരം, 01/03/2019

---

പരാമർശം:- 1 29.01.2019-ൽ നടന്ന സംസ്ഥാന ഉന്നതതല സമിതി യോഗത്തിന്റെ നടപടികുറിപ്പ്.

**ഉത്തരവ്**

ഭാരതപ്പുഴയിൽ സാന്റ് ആഡിറ്റിംഗ് നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുവാൻ ഐ.എൽ.ഡി.എം- നെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ഭാരതപ്പുഴയുടെ പ്രധാന നദീഭാഗത്തിൽ പറളി മുതൽ ചമ്രവട്ടം വരെയുള്ള 91 കിലോമീറ്റർ ദൂരവും പോഷകനദിയായ തൂതപ്പുഴയുടെ കരിമ്പുഴ കുട്ടിലക്കടവ് പാലം മുതൽ ഭാരതപ്പുഴയിൽ ടി പുഴ വന്നു ചേരുന്നതു വരെയുള്ള 5 8 കിലോമീറ്റർ ദൂരവുമാണ് സാന്റ് ആഡിറ്റിംഗ് നടത്തേണ്ടതായിട്ടുള്ളതെന്നും ഇതിൽ തൂതപ്പുഴയുടെ സാന്റ് ആഡിറ്റിംഗിനോടൊപ്പം റിവർ ബാങ്ക് മാപ്പിംഗും നടത്തേണ്ടതായിട്ടുണ്ടെന്നും ഐ.എൽ.ഡി.എം ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 29.01.2019-ൽ നടന്ന സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ ഐ.എൽ.ഡി.എം ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭാരതപ്പുഴയുടെ സാന്റ് ആഡിറ്റിംഗും തൂതപ്പുഴയുടെ റിവർ ബാങ്ക് മാപ്പിംഗും സാന്റ് ആഡിറ്റിംഗ് നടത്തുന്നതിന് ചുവടെ ചേർക്കുന്ന 4 ഏജൻസികളെ പട്ടികയിൽ കാണിച്ചിരിക്കും പ്രകാരം ചുമതലപ്പെടുത്തുന്നതിന് ഉത്തരവാകുന്നു.

| ക്രമ നം | ഏജൻസി | നദി/നദീഭാഗം | നീളം (കി.മീ) | പദ്ധതി പ്രദേശം | പ്രധാന ജില്ല |
|---|---|---|---|---|---|
| 1 | ഡിപ്പാർട്ട്മെന്റ് ഓഫ് ജിയോളജി ആന്റ് എൺവേർമെന്റൽ സയൻസ്, ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട | ഭാരതപ്പുഴ-1 | 33 | പറളി പാലം മുതൽ വഴാലിപ്പാടം ചെക്ക് ഡാം, മണ്ണന്നൂർ റെയിൽവേ സ്റ്റേഷനു സമീപം | പാലക്കാട് |
| 2 | അഗ്രിക്കൾച്ചർ ആന്റ് ഇക്കോസിസ്റ്റം മാനേജ്മെന്റ് ഗ്രൂപ്പ്, തിരുവനന്തപുരം | ഭാരതപ്പുഴ-2 | 29 | വഴാലിപ്പാടം ചെക്ക് ഡാം മുതൽ തൃത്താല റെഗുലേറ്റർ ആന്റ് ബ്രിഡ്ജ് വരെ | തൃശ്ശൂർ & പാലക്കാട് |
| 3 | ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്,വടകര, കോഴിക്കോട് | ഭാരതപ്പുഴ-3 | 29 | തൃത്താല റെഗുലേറ്റർ മുതൽ ചമ്രവട്ടം റെഗുറേറ്റർ വരെ | മലപ്പുറം & പാലക്കാട് |
| 4 | ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡെവലപ്പ്മെന്റ്, തിരുവനന്തപുരം | തൂതപ്പുഴ | 58 | കരിമ്പുഴ - കൂട്ടിലക്കടവ് പാലം മുതൽ ഭാരതപ്പുഴയിൽ വന്നു ചേരുന്നതു വരെ (തൂതപ്പുഴ റെയിൽവെ പാലത്തിനു താഴെ വരെ) | പാലക്കാട് |

ഭാരതപ്പുഴയുടെ സാന്റ് ആഡിറ്റിംഗ് നടത്തുന്നതിനുള്ള ഫീസ് നിരക്ക് കിലോമീറ്ററിന് 15,000/- രൂപായും, അധികമായി നിലവിലുള്ള ജി.എസ്.ടി നിരക്കും ബാധകമായിരിക്കുന്നതാണ്. തൂതപ്പുഴയുടെ റിവർ ബാങ്ക് മാപ്പിംഗ്, സാന്റ് ആഡിറ്റിംഗ്, ഡിജിറ്റൈസേഷൻ എന്നിവയ്ക്കുള്ള നിരക്ക് 24.10.2017-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 355/2017/റവന്യൂ പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിൽ നൽകുന്നതാണ്.

File No.REV-P3/35/2019-REV

ഭാരതപ്പുഴയുടെ സാന്റ് ആഡിറ്റിംഗിനും റിവർ ബാങ്ക് മാപ്പിംഗിനും ആവശ്യമായ കഡസ്ട്രൽ ഭൂപടങ്ങൾ സർവ്വെ ഡയറക്ടർ സൗജന്യമായി നല്കേണ്ടതാണ്.

ഭാരതപ്പുഴയുടെ പ്രത്യേക പരിസ്ഥിതി പ്രാധാന്യം കണക്കിലെടുത്ത് സാന്റ് ആഡിറ്റിംഗ് നടത്തുന്നതിനും അതിനു ശേഷം മണൽ ഖനനത്തിനുള്ള പാരിസ്ഥിതിക അനുമതി നേടുന്നതിനും വേണ്ട മേൽനോട്ടം SHLC അംഗങ്ങളായ ഡോ. സോമൻ, ഡോ.ബിജു ലോഞ്ചിനോസ് എന്നിവർ നടത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബെന്സി.ജെ**

**അഡീഷണല് സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, പാലക്കാട്, തൃശ്ശൂർ, മലപ്പുറം.

ഡയറക്ടർ, ഐ.എൽ.ഡി.എം, പി.റ്റി.പി നഗർ, പി.റ്റി.പി നഗർ പി.ഒ,

തിരുവനന്തപുരം-38

ഡയറക്ടർ ഓഫ് സർവ്വെ & ലാന്റ് റെക്കോർഡ്സ്, വഴുതക്കാട്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള , തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.

ഡോ. സോമൻ, ശുഭ, VP 2/458, വഴയില, പേരൂർക്കട p.o.

ഡോ.ബിജു ലോഞ്ചിനോസ്, അസിസ്റ്റന്റ് പ്രൊഫസർ ഓഫ് ജിയോളജി ഡിപ്പാർട്ട്മെന്റ് ഓഫ് സിവിൽ എഞ്ചിനീയറിംഗ്, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം

ഐ & പി. ആർ. ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# GOVERNMENT OF KERALA

**Abstract**

**Revenue Department - The Sand Audit report of Gayathripuzha river - Approved - Orders issued**

---

**REVENUE (P) DEPARTMENT**

**G.O.(Rt)No.2978/2020/RD** Dated,Thiruvananthapuram, 30/09/2020

Read 1 GO(Ms)No.269/2017/RD dated 09.08.2017

2 GO(Ms)No.355/2017/RD dated 24.10.17.

3 Letter no. ILDM/1527/2017/E1 dated 03.09.2020 from the Director, ILDM.

**ORDER**

The Sand Auditing of Gayathripuzha river has been entrusted to the Consultancy Group for Research and Forecasting (C-Graf), Department of Future Studies, University of Kerala, Kariavattom as per Government Order read as 1st and 2nd Paper above. They have carried out the Sand Auditing of Gayathripuzha river based on the Standard Guidelines provided by the River Management Centre of ILDM . The data and draft reports submitted by C-Graf at various stages of the work were scrutinised and verified by the River Management Centre of ILDM. The Expert Committee Meeting on sand auditing held at ILDM on 19.12.19 has evaluated the draft report presented by C-Graf and recommended its final submission.

The Sand Auditing of Gayathripuzha river covered 28kms from Thrippallur NH Bridge to Confluence with Bharathapuzha. The river is flowing through both Palakkad and Thrissur districts. As part of the Sand Auditing, cross sections are taken at 282 locations within the 28 km river stretch in Gayathripuzha river with an average of interval of 99m. Alathur, Kavasseri, Tharoor, Erimayur and Pazhayannur Panchayaths of Palakkad district, Kondazhy and Thiruvilwamala Panchayaths of Thrissur district are the local bodies located on either banks of the Gayathripuzha river.

As per the Sand Audit Report, mineable sand is not available in all 7 Panchayaths. The Panchayath wise volume of total sand availablility and mineable sand availability in Gayathripuzha river is provided in the table given below.

| SLNo. | Name of Panchayath | District | Volume of Total Sand (m3) | Volume of Mineable Sand (m3) for 3 years |
|---|---|---|---|---|
| 1. | Alathur | Palakkad | NIL | NIL |
| 2. | Kavasseri | Palakkad | NIL | NIL |
| 3. | Tharoor | Palakkad | NIL | NIL |
| 4. | Erimayur | Palakkad | NIL | NIL |
| 5. | Pazhayannur | Palakkad | NIL | NIL |
| 6. | Kondazhy | Thrissur | NIL | NIL |
| 7. | Thiruvilwamala | Thrissur | NIL | NIL |
| | TOTAL | | NIL | NIL |

Government have examined the sand audit report of Gayathripuzha river and approved as above.

Chapter III, Section 12 of the Kerala Protection of River Banks and Regulation of Removal of Sand Act, 2001 and Section 29 of the Kerala

Protection of River Banks and Regulation of Removal of Sand Rules stipulates conditions for the sand removal operations for protection of river banks and bio-physical environment systems of the river.

Accordingly, sand mining in Gayathripuzha River is banned for the coming three years with effect from the date of this order and the District Collectors, Palakkad and Thrissur is directed not to accord sanction for sand mining in Gayathripuzha River.

The responsibility of implementing this order flawlessly rests with the District Collectors, Palakkad and Thrissur who shall meticulously take action to see that all instructions of the Government in this regard are implemented strictly and no unauthorized mining of sand or environmental degradation is allowed to happen.

The District Collectors, shall, furnish the action taken report with regard to this to Government Periodically.

(By order of the Governor)
**BENCY J**
**ADDITIONAL SECRETARY**

The Commissioner, Land Revenue, Thiruvananthapuram.
The District Collectors - Palakkad and Thrissur.
The Director, ILDM, PTP Nagar, PTP Nagar PO, Thiruvananthapuram-38.
The Principal Accountant General (Audit), Kerala,
Thiruvananthapuram.
The Accountant General (A & E), Kerala, Thiruvananthapuram
I& PRD(Web and New Media).
SF / O.C.

Forwarded /By order

Signature Not Verified
Digitally signed by Kadeeja A A
Date: 2020.09.30 14:22:07 IST
Reason: Approved

Section Officer

GOVERNMENT OF KERALA

Abstract

**Revenue Department - The Sand Auditing report of Bharathapuzha river - Stretch - I - Approved - Orders issued**

---

REVENUE (P) DEPARTMENT

**G.O.(Rt)No.1906/2020/RD** Dated,Thiruvananthapuram, 25/05/2020

Read 1 GO(Ms)No.730/2019/RD dated 01.03.19.

2 Letter no. ILDM/478/2017/E1 dated 19.03.2020 from the Director, ILDM.

ORDER

The Sand Auditing of Bharathapuzha river - Stretch - I has been entrusted to the Dept of Geology and Environmental Science, Christ College, Irinjalakuda, Thrissur as per GO read as 1st Paper above. They have carried out the Sand Auditing of Bharathapuzha river - Stretch - I, based on the Standard Guidelines provided by the River Management Centre of ILDM . The data and draft reports submitted by Christ College at various stages of the work were scrutinised and verified by the River Management Centre of ILDM. The Expert Committee Meeting held at ILDM on 16.10.19 has evaluated the draft report presented by Christ College and recommended its final submission.

Sand Auditing of Bharathapuzha river - Stretch- I covered 33km from Parli Bridge to Vazhalippadam Checkdam in Palakkad and Thrissur districts. As part of the Sand Auditing, cross sections are taken at 114 locations within the 33km river stretch in Bharathapuzha river - Stretch - I with an average of interval of 289.47m. Lakkidi Peroor, Mankara, Parali, Peringottukurrissi and Vaniyamkulam Panchayaths and Ottapalam Muncipality of Palakkad district and Panjal, Thiruvilwamala and Kodazhy Panchayaths of Thrissur district are located on either banks of the river within the stretch.

The total volume of sand available in Bharathapuzha river - Stretch -I is estimated as 2462070m3. Based on the Sand Auditing Report, the mineable sand is available in 8 local bodies. Hence, Sand mining may be permitted in Bharathapuzha river - Stretch - I for the next 3 years based on the Sand Auditing Report.

The Panchayath wise volume of total sand availablility and mineable sand availability in Bharathapuzha river - Stretch - I is provided in the table given below.

| SLNo. | Name of Panchayath | District | Volume of Total Sand (m3) | Volume of Mineable Sand (m3) for 3 years |
|---|---|---|---|---|
| 1. | Lakkidi Peroor | Palakkad | 35352 | 26944 |
| 2. | Mankara | Palakkad | 4094 | 4094 |
| 3. | Ottapalam Muncipality | Palakkad | 419118 | 194542 |
| 4. | Parli | Palakkad | nil | 0 |
| 5. | Peringottukurrissi | Palakkad | 7476 | 5468 |
| 6. | Vaniyamkulam | Palakkad | 719193 | 353380 |
| 7 | Panjal | Thrissur | 483477 | 179707 |
| 8. | Thiruvilwamala | Thrissur | 171313 | 104849 |
| 9 | Kodazhy | Thrissur | 622047 | 357611 |
| | TOTAL | | 2462070 | 1226595 |

Government have examined the Sand Audit report of Bharathapuzha river - Stretch -I and approved as above.

Chapter III, Section 12 of the Kerala Protection of River Banks and Regulation of Removal of Sand Act, 2001 and Section 29 of the Kerala Protection of River Banks and Regulation of Removal of Sand Rules, stipulates conditions for the sand removal operations for protection of river banks and bio-physical environment systems of the river. Accordingly,the District Collectors, Palakkad and Thrissur are directed to accord sanction for sand mining in Bharathapuzha river - Stretch -I for the coming three years with effect from the date of this order. Apart from this, the following conditions shall also be complied with.

1)The sand shall be mined only in a phased manner.

2)The mineable sand quantity shall be revised based on the subsequent sand audit only.

The responsibility of implementing this order flawlessly rests with the District Collectors of Palakkad and Thrissur who shall meticulously take action to see that all instructions of the Government in this regard are implemented strictly and no unauthorised mining of sand or environmental degradation is allowed to happen.

The District Collectors shall, in turn, furnish the action taken report with regard to this to Government periodically.

(By order of the Governor)
**BENCY J**
**ADDITIONAL SECRETARY**

The Commissioner, Land Revenue, Thiruvananthapuram.
The District Collector, Palakkad and Thrissur.
The Director, ILDM, PTP Nagar, PTP Nagar PO, Thiruvananthapuram-38.
The Principal Accountant General (Audit), Kerala,

Thiruvananthapuram.
The Accountant General (A & E), Kerala, Thiruvananthapuram
I& PRD(Web and New Media).
SF / O.C.

Forwarded /By order

Section Officer

GOVERNMENT OF KERALA

**Abstract**

Revenue Department - Sand Audit Report of Bharathapuzha river - Stretch - 2 - Approved - Orders issued

**REVENUE (P) DEPARTMENT**

**G.O.(Rt)No.2882/2020/RD** Dated,Thiruvananthapuram, 16/09/2020

Read 1 GO(Ms)No. 730/2019/RD dated 01.03.19

2 Letter no. ILDM/478/2017/E1 dated 11.08.2020 from the Director, ILDM.

**ORDER**

The Sand Auditing of Bharathapuzha river - Stretch - 2 has been entrusted to the Agriculture and Ecosystem Management Group (AGES), Kowdiar, Thiruvananthapuram as per GO read as 1st Paper above. They have carried out the Sand Auditing of Bharathapuzha river - Stretch - 2 based on the Standard Guidelines provided by the River Management Centre of ILDM. The data and draft reports submitted by AGES at various stages of the work were scrutinised and verified by the River Management Centre of ILDM. The Expert Committee Meeting held at ILDM on 16.10.19 has evaluated the draft report presented by AGES and recommended its final submission.

The task of conducting Sand Auditing of Bharathapuzha river - Stretch -2 covered 29km from Vazhalippadam Check Dam to Thrithala Regulator Cum Bridge. As part of the Sand Auditing, cross sections are taken at 161 locations within the 29km river stretch in Bharathapuzha river - Stretch - 2 with an average interval of 180m. Vaniyamkulam, Ongallur, Muthuthala, Parathur, Thirumittacode, Thrithala and Pattithara Panchayaths, Pattambi Muncipality and Shornur Muncipality of Palakkad district and Panjal, Vallathol Nagar, Desamangalam Panchayaths of Thrissur district are the local bodies located on either bank of the river within the stretch.

The total volume of sand available in Bharathapuzha river - Stretch - 2 is estimated as 8145235.91m3. Based on the Sand Auditing Report, the mineable sand is available in 9 local bodies. The volume of mineable sand available in Bharathapuzha river - Stretch - 2 is estimated as 3030069.61 m3.

The Panchayath wise volume of total sand availablility and mineable sand availability in Bharathapuzha river - Stretch - 2 is provided in the table given below.

| SL No. | Name of Panchayath | District | Volume of Total Sand (m3) | Volume of Mineable Sand (m3) for 3years |
|---|---|---|---|---|
| 1. | Vaniyamkulam | Palakkad | 619782.06 | 301781.46 |
| 2. | Ongallur | Palakkad | 795033.81 | 357621.77 |
| 3. | Muthuthala | Palakkad | 374659.09 | 49607 |
| 4. | Parathur | Palakkad | 180370.15 | Nil |
| 5. | Thirumittacode | Palakkad | 749594.69 | 152144.69 |
| 6. | Thrithala | Palakkad | 194643.06 | Nil |
| 7. | Pattithara | Palakkad | 71187.00 | Nil |
| 8. | Pattambi Muncipality | Palakkad | 465627.20 | 250043.6 |
| 9. | Shornur Muncipality | Palakkad | 1459295.25 | 678427.87 |

| | | | | |
|---|---|---|---|---|
| **10.** | **Panjal** | **Thrissur** | **791759.6** | **341671.39** |
| 11 | **Vallathol Nagar** | **Thrissur** | **755550.38** | **245807.6** |
| **12** | **Desamangalam** | **Thrissur** | **1687733.62** | **652964.23** |
| | **TOTAL** | | **8145235.91** | **3030069.61** |

Government have examined the Sand Audit report of Bharathapuzha river - Stretch - 2 and approved as above.

Chapter III, Section 12 of the Kerala Protection of River Banks and Regulation of Removal of Sand Act, 2001 and Section 29 of the Kerala Protection of River Banks and Regulation of Removal of Sand Rules, stipulates conditions for the sand removal operations for protection of river banks and bio-physical environment systems of the river. Accordingly, the District Collectors, Palakkad and Thrissur are directed to accord sanction for sand mining in Bharathapuzha river - Stretch - 2 for the coming three years with effect from the date of this order. Apart from this, the following conditions shall also be complied with.

1)The sand shall be mined only in a phased manner.

2)The mineable sand quantity shall be revised based on the subsequent sand audit only.

The responsibility of implementing this order flawlessly rests with the District Collectors of Palakkad and Thrissur who shall meticulously take action to see that all instructions of the Government in this regard are implemented strictly and no unauthorised mining of sand or environmental degradation is allowed to happen. They are responsible to see further actions in this regard are carried out smoothly.

The District Collectors shall, in turn, furnish the action taken report with regard to this to Government Periodically.

(By order of the Governor)
**BENCY J**
**ADDITIONAL SECRETARY**

The Commissioner, Land Revenue, Thiruvananthapuram.
The Director, ILDM, PTP Nagar, PTP Nagar PO, Thiruvananthapuram-38.
The District Collectors - Palakkad and Thrissur.
The Principal Accountant General (Audit), Kerala, Thiruvananthapuram.
The Accountant General (A & E), Kerala, Thiruvananthapuram
I& PRD(Web and New Media)
SF / O.C.

Forwarded /By order

Section Officer

**കേരള സർക്കാർ**

സംഗ്രഹം

റവന്യൂ വകുപ്പ് - പ്രളയം ബാധിച്ച നദികളിൽ Flood Level Marking Survey നടത്തുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (പി) വകുപ്പ്

സ.ഉ.( സാധാ) നം.481/2019/റവ തീയതി, തിരുവനന്തപുരം, 11/02/2019

---

പരാമർശം : 1) 29.11.2018-ലെ സംസ്ഥാന ഉന്നതതല സമിതി യോഗത്തിന്റെ നടപടിക്കുറിപ്പ്.

2) 11.01.2019-ൽ ILDM ഡയറക്ടർ ലഭ്യമാക്കിയ ഐ.എൽ.ഡി.എം/1550/ 2017/ഇ 1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2018-ൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ ആർ.എം.എഫ് ഫണ്ട് വിനിയോഗിച്ച് പ്രളയം ബാധിച്ച നദികളിൽ Flood Level Marking ചെയ്യുന്നതിന് റിവർ മാനേജ്മെന്റ് സെന്ററിന് അനുവാദം നൽകുവാൻ 04.10.2018-ൽ ചേർന്ന സംസ്ഥാന ഉന്നതതലസമിതി യോഗം തീരുമാനിക്കുകയും ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഐ.എൽ.ഡി.എം ഡയറക്ടറെ ചുമതലപ്പെടുത്തുകയും തുടർന്ന് സർവ്വെ നടത്തുന്നതിന് ആവശ്യമായ നടപടി കൾ സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

2 ഇതിന്റെ അടിസ്ഥാനത്തിൽ 16.10.2018-ന് സർവ്വെ ഓഫ് ഇന്ത്യ ഡയറക്ടറെ പങ്കെടുപ്പിച്ചു കൊണ്ടുള്ള പ്രാഥമിക യോഗം ഐ.എൽ.ഡി.എം-ൽ വച്ച് നടത്തു കയും തുടർന്ന് പ്രധാന പ്രളയ ബാധിത നദികളായ അച്ചൻകോവിൽ, പമ്പ, മണിമല, പെരിയാർ, മീനച്ചിൽ, ചാലക്കുടി, ഭാരതപ്പുഴ എന്നീ 7 നദികളിൽ സർവ്വെ ഓഫ് ഇന്ത്യയുടെയും റിവർ മാനേജ്മെന്റ് സെന്ററിന്റേയും നേതൃത്വ ത്തിൽ സ്ഥല പരിശോധന നടത്തുകയും പദ്ധതിയുടെ അനിവാര്യത ബോധ്യ പ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 07.11.2018-ന് ഐ.എൽ.ഡി.എം-ൽ വച്ച് ചേർന്ന യോഗത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മെത്തഡോളജി തയ്യാറാക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രൊപ്പോസൽ 29.11.2018-ന് ചേർന്ന സംസ്ഥാന ഉന്നതതല സമിതിയോഗം പരിഗണിക്കുകയും

പ്രളയം ബാധിച്ച ഏഴ് നദികളിൽ (അച്ചൻകോവിൽ, പമ്പ, മണിമല, മീനച്ചിൽ, പെരിയാർ, ചാലക്കുടി, ഭാരതപ്പുഴ) Flood Level Marking Survey നടത്തുന്നതിന് ഐ.എൽഡി.എം ഡയറക്ടർ സമർപ്പിച്ച 14 ലക്ഷം രൂപയുടെ പ്രൊപ്പോസൽ അംഗീകരിക്കുകയും ചെയ്തു. ഈ തുക അതാത് ജില്ലകളിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും (ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്) 2 ലക്ഷം രൂപ വീതം ഐ.എൽ.ഡി.എം-ലേക്ക് അനുവദിക്കുവാനും തീരുമാനിച്ചിരുന്നു.

3. പത്തനംതിട്ട ജില്ലയിൽ ആർ.എം.എഫ്-ൽ തനത് ഫണ്ട് ലഭ്യമല്ല എന്ന് അറിയിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ പത്തനംതിട്ട ജില്ലയിൽ നിന്ന് രണ്ട് ലക്ഷം രൂപ Flood Level Marking-ന് ഈടാക്കാൻ സാധ്യമല്ല. ആയതിനാൽ ഈ തുക കൂടി മറ്റ് 6 ജില്ലകളിൽ നിന്നും സമമായി അതായത് 2,34,000/- രൂപ വീതം ഈടാക്കി നൽകുവാൻ തീരുമാനിച്ചു.

4. പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന 5 പ്രവൃത്തികൾ താഴെ പറയുന്നു.

1.Mean Sea Level -നു മുകളിൽ എത്ര ഉയരത്തിൽ Flood ഉണ്ടായി എന്നത് ഫീൽഡിൽ മാർക്ക് ചെയ്യുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുക.

2.Flood Markers സ്ഥാപിക്കുന്നതിനുള്ള Platforms നിർമ്മിക്കുക.

3.Geoid model രൂപപ്പെടുത്തുന്നതിനായുള്ള High Precision Spirit Level Survey, Gravity Observations എന്നിവ നടത്തുക.

4.ഓരോ സ്ഥലത്തെയും MSL-നു മുകളിൽ ഉയർന്ന Flood -ന്റെ ഉയരം നിശ്ചയിക്കുക.

5.Flood Markers- നദീ തീരങ്ങളിൽ സ്ഥാപിക്കുക, അവയുടെ സംരക്ഷണം ഉറപ്പാക്കുക.

5. നദീതീരങ്ങളിൽ Flood Level Markers സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാരുടെ സഹായത്താൽ റിവർ മാനേജ്മെന്റ് സെന്റർ കണ്ടെത്തുന്നതാണ്. Flood Markers നദിയോടു അടുത്തുള്ള സർക്കാർ ഭൂമിയിലും പൊതുജനങ്ങൾക്ക് കാണുവാൻ കഴിയും വിധത്തിലുമാണ് സ്ഥാപിക്കേണ്ടത്. Flood Markers നിർമ്മിച്ച് നദീതീരങ്ങളിൽ സ്ഥാപിക്കുന്നത് സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേനയാണ്. പ്രസ്തുത Flood Markers -ന്റെ സംരക്ഷണ പരിപാലന ചുമതല അതാത് വില്ലേജ് ഓഫീസർമാർക്ക് ആണ്. ഇത് ബന്ധപ്പെട്ട ജില്ലാ കളക്ടർ ഉറ

പ്പാക്കേണ്ടതാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രളയം ബാധിച്ച പ്രധാനപ്പെട്ട ഏഴ് നദികളിൽ (അച്ചൻകോവിൽ, പമ്പ, മണിമല, മീനച്ചിൽ, പെരിയാർ, ചാലക്കുടിപ്പുഴ, ഭാരതപ്പുഴ) Flood Level Marking സർവ്വേ നടത്തുന്നതിനുള്ള മേൽ പറഞ്ഞ പ്രകാരമുള്ള പ്രൊപ്പോസൽ അംഗീകരിച്ച് ഉത്തരവാകുന്നു. ഇതിനാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിനായി ആലപ്പുഴ, കോട്ടയം, എറണാകുളം , തൃശ്ശൂർ, മലപ്പുറം , പാലക്കാട് ജില്ലകളിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും 2,34,000/രൂപ (രണ്ട് ലക്ഷത്തി മുപ്പത്തി നാലായിരം രൂപ മാത്രം) വീതം ILDM-ലേക്ക് കൈമാറി നൽകുവാനും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**ബെൻസി. ജെ**
അഡീഷണൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്
ഡയറക്ടർ, ഐ.എൽ.ഡി.എം, പി.റ്റി.പി നഗർ, പി.റ്റി.പി നഗർ പി.ഒ, തിരുവനന്തപുരം-38
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.
ഐ & പി. ആർ. ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - റിവർ മാനേജ്മെന്റ് ഫണ്ട് - എറണാകുളം ജില്ലയിലെ നദീതീര സംരക്ഷണ പ്രവൃത്തി - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (പി) വകുപ്പ്

സ.ഉ.(സാധാ) നം.4674/2018/റവന്യൂ. തിരുവനന്തപുരം, തീയതി , 09/11/2018

---

പരാമർശം:- 1. 14.05.2018-ലെ എറണാകുളം ജില്ലാ കളക്ടറുടെ DCEKM/6246/2017- D3 നം.കത്ത്.

2. 04.10.2018-ലെ സംസ്ഥാന ഉന്നതതല സമിതി യോഗത്തിന്റെ നടപടിക്കുറിപ്പ്.

## ഉത്തരവ്

പരാമർശം (1) പ്രകാരം ലഭിച്ച എറണാകുളം ജില്ലയിലെ കരുമാല്ലൂർ ഗ്രാമപഞ്ചായത്തിൽ പുതുക്കാട് കോളനിക്ക് സമീപം കൈപ്പട്ടി പുഴയുടെ (പെരിയാറിന്റെ കൈവഴി) തീരത്തോട് ചേർന്ന വീടുകൾക്ക് അപകടഭീഷണി നേരിടുന്നതിനാൽ 200 മീറ്റർ നീളത്തിൽ പാർശ്വഭിത്തി നിർമ്മിച്ച് സംരക്ഷിക്കു ക എന്ന നദീതീര സംരക്ഷണ പ്രവൃത്തിയുടെ 39 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 22.06.2018-ലെ സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത യോഗത്തിന്റെ തീരുമാന പ്രകാരം ടി പ്രൊപ്പോസൽ SHLC അംഗം, ശ്രീ.ആർ.അജയൻ, എറണാകുളം ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡെപ്യൂട്ടി കളക്ടർ (ഡി.എം), എറണാകുളം എന്നിവരടങ്ങുന്ന സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തി സ്ഥലപരിശോധന നടത്തിച്ച് ടി പ്രവൃത്തിയുടെ ആവശ്യകത വിലയിരുത്തി റിപ്പോർട്ട് അടുത്ത സംസ്ഥാന ഉന്നതതല സമിതി യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സബ് കമ്മിറ്റി സ്ഥല പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ട് 04.10.2018-ൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗം ചർച്ച ചെയ്യുകയും പ്രസ്തുത പ്രവൃത്തിയ്ക്ക് അംഗീകാരം നൽകുകയും ചെയ്തു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഉന്നതതല സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ കരുമാല്ലൂർ ഗ്രാമപഞ്ചായത്തിൽ പുതുക്കാട് കോളനിക്ക് സമീപം കൈപ്പട്ടി പുഴയുടെ (പെരിയാറിന്റെ കൈവഴി) തീരത്തോട് ചേർന്ന വീടുകൾക്ക് അപകടഭീഷണി നേരിടുന്നതിനാൽ 200 മീറ്റർ നീളത്തിൽ പാർശ്വഭിത്തി നിർമ്മിച്ച് സംരക്ഷിക്കുക എന്ന നദീതീര സംരക്ഷണപ്രവൃത്തിക്ക് 39 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. ടി പ്രവൃത്തിയുടെ നടത്തിപ്പ് എറണാകുളം ജില്ലാ കളക്ടറിൽ നിക്ഷിപ്തമാണ്. കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങളിലെ, ചട്ടം 19, 20 എന്നിവ കർശനമായി പാലിക്കുന്നുണ്ടെന്നും, ടി പ്രവൃത്തിയുടെ പുരോഗതി സമയാസമയങ്ങളിൽ പരിശോധിക്കുന്നുണ്ടെന്നും ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

3) മേൽ പ്രവൃത്തി നടത്തുന്നതിന് ആവശ്യമായ തുക എറണാകുളം ജില്ലാ കളക്ടറുടെ റിവർ മാനേജ്മെന്റ് ഫണ്ട് അക്കൗണ്ടിൽ നിന്നും വകയിരുത്തേണ്ടതാണ്. കൂടാതെ മേൽ പ്രവൃത്തികൾ ഈ ഉത്തരവ് പുറപ്പെടുവിച്ച് ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**ബെൻസി. ജെ**
അഡീഷണൽ സെക്രട്ടറി

ജില്ലാ കളക്ടർ, എറണാകുളം
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ഐ.എൽ.ഡി.എം ഡയറക്ടർ , റിവർ മാനേജ്മെന്റ് സെന്റർ,
പി.റ്റി.പി നഗർ പി.ഒ,തിരുവനന്തപുരം.
എക്സ്ക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ വകുപ്പ്, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.
ഐ & പി. ആർ. ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പ്രളയം ബാധിച്ച ആറ് നദികളിൽ വീണ്ടും സാൻഡ് ഓഡിറ്റിംഗ് നടത്തുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (പി) വകുപ്പ്

**സ.ഉ.(സാധാ) നം.254/2019/റവ.** തീയതി,തിരുവനന്തപുരം, 24/01/2019

പരാമർശം:-
1. 29.11.2018-ൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതിയുടെ നടപടിക്കുറിപ്പ്.
2. 14.01.2019-ലെ ILDM, ഡയറക്ടറുടെ ഐ എൽ ഡി എം /1550 /2017 / ഇ 1 നമ്പർ കത്ത്.

<u>ഉത്തരവ്</u>

2018-ൽ സംസ്ഥാനത്ത് പ്രളയം ബാധിച്ച പ്രധാനപ്പെട്ട 6 നദികളായ - പെരിയാർ, പമ്പ, മൂവാറ്റുപുഴ, ചാലിയാർ, കടലുണ്ടി, ഇത്തിക്കര എന്നീ നദികളിൽ വീണ്ടും സാന്റ് ഓഡിറ്റിങ്ങ് നടത്തുന്നതിന് ഏജൻസിയെയും തുകയും നിശ്ചയിച്ച് കൊണ്ടുള്ള ILDM ഡയറക്ടർ സമർപ്പിച്ചതും ചുവടെ കൊടുത്തിരിക്കുന്നതുമായ പ്രൊപ്പോസൽ 29.11.2018-ൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി പരാമർശം (1) പ്രകാരം അംഗീകരിക്കുകയുണ്ടായി.

| ക്രമ നമ്പർ | നദി /ജില്ല | നീളം | ഏജൻസി | ഫീസ് (കിലോമീറ്ററിനുള്ള നിരക്ക്) (രൂപ) | ഡിജിറ്റൈസേഷൻ ഫീസ് (രൂപ) |
|---|---|---|---|---|---|
| 1 | പെരിയാർ (എറണാകുളം) | 59 k.m | സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് & എൺവയോമെന്റൽ സ്റ്റഡീസ്, കൊച്ചി | 14000 | 50000 |
| 2 | പമ്പ (പത്തനംതിട്ട) | 60 km | C-Graf, ഫ്യൂച്ചർ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റ്, കേരള യൂണിവേഴ്സിറ്റി, തിരുവനന്തപുരം | 14000 | 50000 |

| | | | | | |
|---|---|---|---|---|---|
| 3 | മൂവാറ്റുപുഴ (എറണാകുളം) | 52 k.m | ട്രോപ്പിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കോളജിക്കൽ സയൻസസ്, കോട്ടയം | 14000 | 50000 |
| 4 | ചാലിയാർ (മലപ്പുറം) | 53 k.m | സെന്റർ ഫോർ സോഷ്യൽ & റിസോഴ്സ് ഡവലപ്പ്മെന്റ്, തൃശ്ശൂർ | 14000 | 50000 |
| 5 | കടലുണ്ടി (മലപ്പുറം) | 88 k.m | ജിയോടെക്നിക്കൽ എൻജിനീയറിംഗ് & കൺസൾട്ടൻസി സർവ്വീസസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി | 14000 | 50000 |
| 6 | ഇത്തിക്കര (കൊല്ലം) | 43 k.m | ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റൂറൽ ഡവലപ്പ്മെന്റ്, തിരുവനന്തപുരം | 10000 | 50000 |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (1) -ന്റെ വെളിച്ചത്തിൽ മേൽ പ്രൊപോസൽ അംഗീകരിച്ച് ഉത്തരവാകുന്നു. മേൽ സൂചിപ്പിച്ചിരിക്കുന്ന ഏജൻസികൾ 2019 ഫെബ്രുവരി 10-ന് മുൻപായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുമായി എം ഒ യു ഒപ്പ വച്ച് ILDM, ഡയറക്ടർ നൽകുന്ന മാർഗ്ഗ നിർദേശ പ്രകാരം പ്രവർത്തനം ആരംഭിക്കേണ്ടതാണ്. മേൽ പരാമർശിച്ചിട്ടുള്ള ഏജൻസികൾ 2019 ഫെബ്രുവരി മുതൽ മെയ് വരെയുള്ള കാലയളവിൽ സർവ്വേ നടത്തേണ്ടതും തുടർന്ന് റിവർ മാനേജ്മെന്റ് സെന്ററിന്റെ പരിശോധന പൂർത്തീകരിച്ച അന്തിമ റിപ്പോർട്ട് ILDM, ഡയറക്ടർ , ലാൻഡ് റവന്യൂ കമ്മീഷണർ മുഖേനെ 2019 ജൂൺ മാസത്തിൽ സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബെൻസി.ജെ**
**അഡീഷണല് സെക്രട്ടറി**

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, കൊല്ലം, എറണാകുളം, പത്തനംതിട്ട, മലപ്പുറം .

ഡയറക്ടർ, ILDM, PTP നഗർ, PTP നഗർ, പി ഒ, തിരുവനന്തപുരം--38.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

**File No.REV-P3/16/2019-REV**

അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.

ഐ & പി. ആർ. ഡി വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - റിവർ മാനേജ്മെന്റ് ഫണ്ട് - കൊല്ലം ജില്ലയിലെ നദീതീര സംരക്ഷണ പ്രവൃത്തികൾ - ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (പി) വകുപ്പ്

സ.ഉ.(സാധാ) നം.4649/2018/റവന്യൂ. തിരുവനന്തപുരം, തീയതി, 07/11/2018

പരാമർശം:- 1. 22.01.2018-ലെ കൊല്ലം ജില്ലാ കളക്ടറുടെ L9-4283/13 നം.കത്ത്.
2. 04.10.2018-ൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

22.06.2018-ൽ നടന്ന സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ കൊല്ലം ജില്ലയിലെ 17 നദീതീര സംരക്ഷണ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത യോഗത്തിന്റെ തീരുമാന പ്രകാരം ടി പ്രൊപ്പോസലുകൾ SHLC അംഗം ഡോ.കെ. സോമൻ, കൊല്ലം ഡെപ്യൂട്ടി കളക്ടർ (ഡി.എം), കൊല്ലം ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരടങ്ങുന്ന സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തി കൊണ്ട് സ്ഥലപരിശോധന നടത്തിച്ച് ടി പ്രവൃത്തികളുടെ ആവശ്യകത വിലയിരുത്തി റിപ്പോർട്ട് അടുത്ത സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ സമർപ്പിക്കുവാൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സബ് കമ്മിറ്റി സ്ഥലപരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടുകൾ 04.10.2018-ൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗം പരിഗണിക്കുകയും വിശദമായ ചർച്ചയ്ക്ക് ശേഷം 17 പ്രവൃത്തികളിൽ താഴെ പറയുന്ന 12 പ്രവൃത്തികൾക്ക് അംഗീകാരം നൽകുകയും ചെയ്തു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | നിബന്ധന |
|---|---|---|---|
| 1 | തെൻമല ഗ്രാമപഞ്ചായത്തിൽ ഊരുകുന്ന് പട്ടിക വർഗ്ഗ കോളനി | 25 ലക്ഷം രൂപ | പുഴയുടെ വീതി നില |

| | | | |
|---|---|---|---|
| | യുടെ സമീപം കുന്നുമണൽ ഭാഗത്ത് കരയിടിച്ചിൽ അനുഭവപ്പെടുന്ന കല്ലടയാറിന്റെ വലത്കരയിൽ 130 മീറ്റർ ദൂരം പാർശ്വഭിത്തി നിർമ്മിച്ച് സംരക്ഷിക്കുന്നതിന് | | നിർത്തേണ്ടതാണ്. |
| 2 | കുന്നത്തൂർ പഞ്ചായത്തിലെ പല്ലേക്കാട്ട് കടവിനും ഇരുവീട്ടുകാല കടവിനും ഇടയ്ക്കുള്ള കരയിടിച്ചിൽ അനുഭവപ്പെടുന്ന കല്ലടയാറിന്റെ വലതുകരയിൽ 166 മീറ്റർ നീളത്തിൽ പാർശ്വഭിത്തി നിർമ്മിച്ച് സംരക്ഷിക്കുന്നതിന് | 20 ലക്ഷം രൂപ | |
| 3 | കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിലെ സുബ്രഹ്മണ്യ ക്ഷേത്രത്തിന് സമീപം ഉപ്പൂട് കടത്ത്കടവ് മുതൽ ചെറുപൊയ്ക വരെയുള്ള കല്ലടയാറിന്റെ കരയിടിച്ചിൽ അനുഭവപ്പെടുന്ന ഇടത് കരയിലെ ബണ്ട് റോഡിന്റെ വലതുവശത്തെ കല്ലടയാറിന്റെ തീരത്ത് 95 മീറ്റർ ദൂരം പാർശ്വഭിത്തി നിർമ്മിച്ച് സംരക്ഷിക്കുന്നതിന് | 30 ലക്ഷം രൂപ | |
| 4 | മൺറോ തുരുത്ത് പഞ്ചായത്തിൽ നെൻമണി വാർഡിലെ തുമ്പുമുഖം ഭാഗത്ത് കരയിടിച്ചിൽ അനുഭപ്പെടുന്ന പുത്തനാർ (കല്ലടയാറിന്റെ കൈവഴി) ന്റെ വലത് കരയിൽ 107 മീറ്റർ ദൂരം പാർശ്വഭിത്തി നിർമ്മിച്ച് സംരക്ഷിക്കുന്നതിന് | 25 ലക്ഷം രൂപ | |
| 5 | പടിഞ്ഞാറെ കല്ലട പഞ്ചായത്തിലെ നെൽപ്പുറക്കുന്ന് ഗവ.ഹയർ സെക്കന്ററി സ്കൂളിനും തകർന്ന | 15 ലക്ഷം രൂപ | |

| | | | |
|---|---|---|---|
| | ബണ്ട് റോഡിനും സമീപത്തായി കല്ലടയാറിന്റെ കരയിടിച്ചിൽ അനുഭവപ്പെടുന്ന വലത് കരയിൽ 65 മീറ്റർ ദൂരം പാർശ്വഭിത്തി നിർമ്മിച്ച് സംരക്ഷിക്കുന്നതിന് | | |
| 6 | പുനലൂർ മുൻസിപ്പാലിറ്റിയിൽ പുനലൂർ മുൻസിപ്പൽ അംഗനവാടിക്ക് സമീപം കരയിടിച്ചിൽ അനുഭവപ്പെടുന്ന കല്ലടയാറിന്റെ ഇടത്കരയിൽ 70 മീറ്റർ നീളം പാർശ്വഭിത്തി നിർമ്മിച്ച് സംരക്ഷിക്കുന്നതിന് | 19 ലക്ഷം രൂപ | മുനിസിപ്പൽ അംഗനവാടി, നദിക്ക് സമീപത്തെ കെട്ടിടത്തിന്റെ താഴത്തെ നിലയിലാണ് പ്രവർത്തിക്കുന്നത്. ഈ ഭാഗം വെള്ളപ്പൊക്കത്തിലോ, ഡാം തുറക്കുന്ന അവസരങ്ങളിലോ ജലനിരപ്പ് ഉയരുവാൻ സാധ്യത യുള്ളതാണ്. ആയതിനാൽ പ്രളയ ദുരന്ത ലഘൂകരണത്തിന്റെ ഭാഗമായി അംഗനവാടി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. |
| 7 | ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ നെടുംചിറ ഏലായിലെ കരയിടിച്ചിൽ അനുഭവപ്പെടുന്ന ഇത്തിക്കരയാറിന്റെ വലത്കരയിൽ 175 മീറ്റർ നീളത്തിൽ പാർശ്വഭിത്തി നിർമ്മിച്ച് സംരക്ഷിക്കുന്നതിന് | 45 ലക്ഷം രൂപ | നദിയുടെ നിലവിലെ വീതി കുറയ്ക്കാതെ കരയോട് ചേർത്ത് സംരക്ഷണ ഭിത്തി കെട്ടേണ്ടതാണ്. |
| 8 | ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ചാത്തന്നൂർ പഞ്ചായത്തിലെ കെ.ഐ.പി അക്വാഡക്ടിനു സമീപം ഇത്തിക്കരയാറിന്റെ തീരത്ത് 70 മീറ്റർ ദൂരം പാർശ്വഭിത്തി നിർമ്മിക്കുന്നതിന് | 15 ലക്ഷം രൂപ | പ്രസ്തുത സൈറ്റ് പുറമ്പോക്ക് ഭൂമിയിൽ സ്ഥിതി ചെയ്യുന്നതിനാൽ പുഴ പുറമ്പോക്കിനെ സംരക്ഷിച്ചും അതിർത്തി നിർണ്ണയിച്ച ശേഷവും പ്രൊപോസൽ നടപ്പിലാക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| 9 | ചാത്തന്നൂർ നിയോജകമണ്ഡല ത്തിൽ ചാത്തന്നൂർ പഞ്ചായത്തിൽ ഞാവരൂർ കടവിൽ ഇത്തിക്കരയാറിന്റെ തീരത്ത് 75 മീറ്റർ ദൂരം പാർശ്വഭിത്തി നിർമ്മിച്ച് സംരക്ഷിക്കുന്നതിന് | 15 ലക്ഷം രൂപ | |
| 10 | ചടയമംഗലം നിയോജകമണ്ഡല ത്തിൽ ഇളമാട് പഞ്ചായത്തിലെ അർക്കന്നൂർ ആറാട്ട് കടവിന് സമീപം ഇത്തിക്കരയാറിന്റെ തീരത്ത് കടവ് നിർമ്മിക്കുന്നതിനും 70 മീറ്റർ നീളത്തിൽ പാർശ്വ ഭിത്തി നിർമ്മിച്ച് സംരക്ഷിക്കു ന്നതി ന് | 15 ലക്ഷം രൂപ | വെജിറ്റേറ്റീവ് സംരക്ഷണത്തിനു വേണ്ടി മുളയ്ക്ക് പുറമെ പ്രാദേശിക മായി ലഭ്യമായിട്ടുള്ള സസ്യ ഇനങ്ങളും പരിഗണിക്കേണ്ട താണ്. |
| 11 | കുണ്ടറ നിയോജകമണ്ഡലത്തിലെ നെടുമ്പന പഞ്ചായത്തിൽ ക്രോസ് ബാറിനും പമ്പ് ഹൗസിനും സമീപ മുള്ള കരയിടിച്ചിൽ അനുഭവപ്പെ ടുന്ന പള്ളിമൺപുഴയുടെ (ഇത്തി ക്കരയാറിന്റെ പോഷകനദി) ഇട ത്കരയിൽ 195 മീറ്റർ ദൂരം പാർശ്വഭിത്തി നിർമ്മിച്ച് സംരക്ഷി ക്കുന്നതിന് | 35 ലക്ഷം രൂപ | |
| 12 | ചടയമംഗലം നിയോജക മണ്ഡല ത്തിൽ ചടയമംഗലം പഞ്ചായത്തിലെ എം.സി. റോഡിന് അരികിലായി ശ്രീരംഗം കടവിന് താഴെ കരയിടിച്ചിൽ അനുഭവപ്പെ ടുന്ന ഇത്തിക്കരയാറിന്റെ ഇടത്കര യിൽ 184 മീറ്റർ ദൂരം പാർശ്വഭിത്തി നിർമ്മിച്ച് സംരക്ഷിക്കുന്നതിന് | 40 ലക്ഷം രൂപ | |

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഉന്നതതല

സമിതിയുടെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ മേൽ പറഞ്ഞ 12 നദീതീര സംരക്ഷണപ്രവൃത്തികൾക്ക് ഓരോ പ്രവൃത്തിയോടൊപ്പവും നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നൽകി ഉത്തരവാകുന്നു. ടി പ്രവൃത്തികളുടെ നടത്തിപ്പ് കൊല്ലം ജില്ലാ കളക്ടറിൽ നിക്ഷിപ്തമാണ്. 2002-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങളിലെ ചട്ടം 19 & 20 എന്നിവ കർശനമായി പാലിക്കേണ്ടതും, ജില്ലാ കളക്ടർ ടി പ്രവൃത്തികളുടെ പുരോഗതി ഉറപ്പ് വരുത്തേണ്ടതും സമയാസമയങ്ങളിൽ പരിശോധിക്കേണ്ടതുമാണ്

3) മേൽ പ്രവൃത്തികൾ നടത്തുന്നതിന് ആവശ്യമായ തുക കൊല്ലം ജില്ലാ കളക്ടറുടെ റിവർ മാനേജ്മെന്റ് ഫണ്ട് അക്കൗണ്ടിൽ നിന്നും ഈടാക്കാവുന്നതാണ്. കൂടാതെ മേൽ പ്രവൃത്തികൾ ഈ ഉത്തരവ് പുറപ്പെടുവിച്ച് ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ബെൻസി. ജെ**

അഡീഷണൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കൊല്ലം
ഡയറക്ടർ, ഐ.എൽ.ഡി.എം. പി.ടി.പി നഗർ, തിരുവനന്തപുരം.
എക്സ്ക്യൂട്ടീവ് എൻജിനീയർ, ജലസേചന വിഭാഗം, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.
ഐ & പി. ആർ. ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റിവർ മാനേജ്മെന്റ് ഫണ്ട് - കൊല്ലം ജില്ലയിലെ കുളക്കട പഞ്ചായത്തിൽ കല്ലട പുഴയുടെ ഇടതുകരയിലെ സംരക്ഷണ പ്രവൃത്തി - സംസ്ഥാന ഉന്നത തല സമിതിയുടെ സാധൂകരണത്തിന് വിധേയമായി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.3372/2022/RD തീയതി,തിരുവനന്തപുരം, 08-08-2022

---

പരാമർശം:-

1. 15.06.2020-ലെ സ.ഉ (സാധാ)നം.2190 / 2020 / RD നമ്പർ സർക്കാർ ഉത്തരവ്.
2. 27.01.2022 തീയതിയിലെ ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഉന്നത തല സമിതിയുടെ യോഗ നടപടികുറിപ്പ്.
3. കൊല്ലം ജില്ലാ കളക്ടറുടെ 06.05.2022 , 16.07.2022 എന്നീ തീയതികളിലെ -ലെ DCKLM/5292/ 2022 -L9 നമ്പർ കത്തുകൾ.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 24.05.2022, 23.07.2022 എന്നീ തീയതികളിലെ LR/5677/2022-LR(K1) നമ്പർ കത്തുകൾ.
5. 14.06.2022 തീയതിയിൽ SHLC അംഗം ശ്രീ.അജയന്റെ നേതൃത്വത്തിൽ ഡെപ്യൂട്ടി കളക്ടർ, ഇറിഗേഷൻ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ഉൾപ്പെട്ട സമിതി നടത്തിയ സ്ഥല പരിശോധന റിപ്പോർട്ട്.
6. 07.06.2022 തീയതിയിലെ ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഉന്നത തല സമിതിയുടെ യോഗ നടപടികുറിപ്പ്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ തേവർക്കടവിനും മുക്കടവിനും ഇടയിൽ കല്ലട പുഴയുടെ ഇടതുകര

സംരക്ഷണത്തിനായി 18 ലക്ഷം രൂപയുടെ പ്രവൃത്തിയ്ക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ ടി പ്രവൃത്തിയ്ക്കു സാങ്കേതികാനുമതി നൽകി നിരവധി തവണ ടെൻഡർ ക്ഷണിച്ചെങ്കിലും പ്രതികരണമുണ്ടായിരുന്നില്ല എന്ന് കൊല്ലം ജില്ലാ കളക്ടർ അറിയിച്ചിരുന്നു.

പരാമർശം (2) പ്രകാരം റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ജില്ലകളിൽ നടക്കുന്ന പ്രവൃത്തികളിൽ ഇനിയും ടെണ്ടർ നടപടികൾ സ്വീകരിക്കാത്ത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ വേഗത്തിലാക്കുവാൻ മന്ത്രി നിർദ്ദേശിച്ചിരുന്നു.

ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, കൊല്ലം ജില്ലയിലെ കുളക്കട പഞ്ചായത്തിൽ തേവർക്കടവിനും മുക്കടവിനും ഇടയിൽ കല്ലട പുഴയുടെ ഇടതുകര സംരക്ഷണത്തിനായി 18 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുന്നതിനായുള്ള പുതുക്കിയ പ്രൊപ്പോസൽ കൊല്ലം ജില്ലാ കളക്ടർ, ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന സർക്കാരിലേക്കു സമർപ്പിച്ചിരുന്നു .

07.06.2022-ലെ സംസ്ഥാന ഉന്നത തല സമിതി യോഗം പരാമർശം (6) പ്രകാരം ടി പ്രൊപ്പോസൽ തത്വത്തിൽ അംഗീകരിക്കുകയും , SHLC അംഗം ശ്രീ.അജയന്റെ നേതൃത്വത്തിൽ ഡെപ്യൂട്ടി കളക്ടർ, ഇറിഗേഷൻ വകുപ്പ് എഞ്ചിനീയർ എന്നിവർ ഉൾപ്പെട്ട സമിതി പ്രസ്തുത പ്രദേശം സന്ദർശിച്ച് നിലവിൽ സർക്കാരിലേക്കു സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ ഭേദഗതി വരുത്തേണ്ടതുണ്ടോ എന്ന കാര്യം പരിശോധിച്ച്, ഒരു സ്ഥല പരിശോധന റിപ്പോർട്ട് സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നു.

ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സമിതി 14.06.2022 തീയതിയിൽ സ്ഥല പരിശോധന നടത്തുകയും, പരാമർശം (5) പ്രകാരമുള്ള സ്ഥല പരിശോധന റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തു.

തുടർന്ന് മേൽ സ്ഥല പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ കുളക്കട പഞ്ചായത്തിൽ തേവർക്കടവിനും മുക്കടവിനും ഇടയിൽ കല്ലട പുഴയുടെ ഇടതുകര സംരക്ഷണത്തിനായി 166 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന പ്രവൃത്തിയ്ക്കായുള്ള 45 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കൊല്ലം ജില്ലാ കളക്ടർ 16.07.2022 തീയതിയിലെ DCKLM/5292/ 2022 - L9 നമ്പർ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർക്കു

സമർപ്പിക്കുകയും, ലാൻഡ് റവന്യൂ കമ്മീഷണർ പ്രസ്തുത പ്രൊപ്പോസൽ 23.07.2022 തീയതിയിലെ LR/5677/2022-LR(K1) നമ്പർ കത്ത് പ്രകാരം സർക്കാരിലേക്ക് സമർപ്പിക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവ് പ്രകാരം 18,00,000/-(പതിനെട്ട് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയ 'RMF - Protecting the eroded L/B Kallada river between Thevarukadavu and Makkakadavu in Kulakkada Panchaytah' എന്ന പ്രവൃത്തി റദ്ദ് ചെയ്ത്, കൊല്ലം ജില്ലയിലെ കുളക്കട പഞ്ചായത്തിൽ മുക്കടവിനും തേവർക്കടവിനും ഇടയിൽ കല്ലട പുഴയുടെ ഇടതുകര സംരക്ഷണത്തിനായി 166 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന പ്രവൃത്തിയ്ക്കായുള്ള 45,00,000/-(നാൽപത്തിയഞ്ചു ലക്ഷം രൂപ മാത്രം) രൂപയുടെ പ്രൊപ്പോസൽ, പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കേണ്ടതിന്റെ അടിയന്തര സാഹചര്യം പരിഗണിച്ച്, സംസ്ഥാന ഉന്നത തല സമിതിയുടെ സാധൂകരണത്തിനു വിധേയമായി ഭരണാനുമതി നൽകി ഉത്തരവാകുന്നു .

ടി പ്രവൃത്തിയുടെ നടത്തിപ്പ് കൊല്ലം ജില്ലാ കളക്ടറിൽ നിക്ഷിപ്തമാണ്. 2002 -ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങളിലെ ചട്ടം 19 , 20 എന്നിവ കർശനമായി പാലിക്കേണ്ടതും, ജില്ലാ കളക്ടർ ടി പ്രവൃത്തി സമയാസമയങ്ങളിൽ പരിശോധിക്കേണ്ടതും പുരോഗതി ഉറപ്പ് വരുത്തേണ്ടതുമാണ്.

മേൽ പ്രവൃത്തി നടത്തുന്നതിന് ആവശ്യമായ തുക കൊല്ലം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട് അക്കൗണ്ടിൽ നിന്നും ചെലവഴിക്കേണ്ടതാണ്. കൂടാതെ മേൽ പ്രവൃത്തി ഈ ഉത്തരവ് പുറപ്പെടുവിച്ച് ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അബ്ദുൾ നാസർ ബി ഐ എ എസ്

അഡീഷണൽ സെക്രട്ടറി

ജില്ലാ കളക്ടർ, കൊല്ലം

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ഡയറക്ടർ , ഐ.എൽ.ഡി.എം , തിരുവനന്തപുരം.

എക്സിക്യൂട്ടീവ് എഞ്ചിനീയർ , ഇറിഗേഷൻ ഡിവിഷൻ , കൊല്ലം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ - (വിപുലമായ പ്രചാരണത്തിന്)

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Joshy.k.l**
**Date: 08-08-2022 16:02:02**

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്സ് -ന

റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെ NSS ശാഖകളെ നദീ തീര സംരക്ഷണ പ്രവർത്തങ്ങൾക്കായി വിനിയോഗിച്ച കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**റവന്യൂ(പി) വകുപ്പ്**

സ ഉ (സാ.ധാ.)നം.3860/2018/റവ തിരുവനന്തപുരം, തിയതി: 18.09.2018

---

പരാമർശം : 1. 08.11.2017-ലെ കേരള സർവ്വ കലാശാലയുടെ NSS/KU/1/2017 നമ്പർ കത്ത്.

2. 16.02.18, 23.07.2018 എന്നീ തീയതിയിലെ ഐ എൽ ഡി എം , ഡയറക്ടറുടെ ഐ എൽ ഡി എം/1550 /2017 /E1 നമ്പർ കത്ത്.

3. 29.05.2018- ലെ സംസ്ഥാന ഉന്നതതല സമിതി യോഗനടപടിക്കുറിപ്പ്.

4. 22.06.2018- ലെ സംസ്ഥാന ഉന്നതതല സമിതി യോഗനടപടിക്കുറിപ്പ്.

**ഉത്തരവ്**

കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിലെ NSS യൂണിറ്റുകളെ കൊണ്ട് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ നദികളെ പുനരുദ്ധരിക്കുന്നതിനായി പരാമർശം(1) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ സംസ്ഥാന ഉന്നതതല സമിതി പരിഗണിച്ചു. ആദ്യഘട്ടമായി തിരുവനന്തപുരം ജില്ലയിലെ വാമനപുരം നദിയും, കൊല്ലം ജില്ലയിലെ കല്ലട നദിയും പുനരുദ്ധരിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ILDM ഡയറക്ടറുടെ നിയന്ത്രണത്തിൽ ആരംഭിക്കാവുന്നതാണെന്നും അതിന്റെ വിജയം വിലയിരുത്തി ബാക്കി നദികളുടെ പ്രോജക്ട് അംഗീകരിക്കാവുന്നതാണെന്നും പരാമർശം (3) പ്രകാരം തീരുമാനിച്ചു.

2. പരാമർശം (4) പ്രകാരം കേരള സർവ്വകലാശാലയ്ക്ക് കീഴിലെ കോളേജുകളിലെ NSS ശാഖകളെ നിയോഗിച്ച് കൊണ്ട് തിരുവനന്തപുരം ജില്ലയിലെ വാമനപുരം, കൊല്ലം ജില്ലയിലെ കല്ലട എന്നീ നദികളുടെ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിന് തിരുവന്തപുരം ജില്ലയിലെ RMF-ൽ നിന്നും 4,06,400/- രൂപയും , കൊല്ലം

ജില്ലയിലെ RMF ൽ നിന്നും 2,85,650/- രൂപയും അനുവദിക്കുവാൻ തീരുമാനിച്ചു. NSS പ്രോഗ്രാം ഓഫീസർ ILDM ഡയറക്ടറുമായി എഗ്രിമെന്റ് ഒപ്പ് വെച്ച് പ്രാവർത്തിക മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പദ്ധതി നടപ്പിലാക്കേണ്ടതാണ് എന്നും സംസ്ഥാന ഉന്നതതല സമിതി നിഷ്കർഷിച്ചു. ഇതിനുള്ള നിബന്ധനകൾ പരാമർശം (2) പ്രകാരം ILDM ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സർവ്വകലാശാലയ്ക്ക് കീഴിലെ കോളേജുകളിലെ NSS ശാഖകളെ നിയോഗിച്ച് കൊണ്ട് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി തിരുവനന്തപുരം ജില്ലയിലെ വാമനപുരം, കൊല്ലം ജില്ലയിലെ കല്ലട എന്നീ നദികളുടെ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഇതിനായി തിരുവനന്തപുരം ജില്ലയിലെ RMF-ൽ നിന്നും 4,06,400/- (നാല് ലക്ഷത്തി ആറായിരത്ത് നാനൂറ്) രൂപയും , കൊല്ലം ജില്ലയിലെ RMF-ൽ നിന്നും 2,85,650/-(രണ്ട് ലക്ഷത്തി എൺപത്തയ്യായിരത്തി അറുന്നൂറ്റിയമ്പത്) രൂപയും അനുവദിച്ച് കൊണ്ടും ഉത്തരവാകുന്നു.

1. എൻ.എസ്.എസ് പ്രോഗ്രാം കോ-ഓഡിനേറ്ററും ഐ.എൽ.ഡി.എം ഡയറക്ടറുമായി ചേർന്ന് ഒപ്പ വയ്ക്കുന്ന കരാറിന്റെ അടിസ്ഥാനത്തിലും , ആർ.എം.സി നൽകുന്ന പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരവും ആയിരിക്കണം പദ്ധതി പ്രവർത്തനം നടപ്പിലാക്കേണ്ടത്.

2. തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിലെ ആർ.എം.എഫിൽ നിന്നും ടി പ്രവർത്തനങ്ങൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള തുകകൾ സർക്കാർ ഉത്തരവിനെ തുടർന്ന് 10 ദിവസത്തിനുള്ളിൽ ഐ.എൽ.ഡി.എം -ന്റെ ആർ.എം.എഫ് അക്കൗണ്ടിലേക്ക് തിരുവനന്തപുരം, കൊല്ലം കളക്ടർമാർ ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.

3. പ്രൊപ്പോസൽ പ്രകാരമുള്ള പ്രവൃത്തിയുടെ പുരോഗതി വിവിധ ഘട്ടങ്ങളിൽ വിലയിരുത്തി ഐ.എൽ.ഡി.എം ഡയറക്ടർ എൻ.എസ്.എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർക്ക് ഗഡുക്കളായി തുക അനുവദിക്കേണ്ടതാണ്.

4. നദീതീര പരിപാലനത്തിനുള്ള വൃക്ഷതൈകൾ വച്ചു പിടിപ്പിക്കുന്നതിനായുള്ള നദീ പുറമ്പോക്ക് റിവർ ബാങ്ക് മാപ്പിംഗ് റിപ്പോർട്ടിന്റെയും റവന്യൂ, പഞ്ചായത്ത് അധികാരികളുടെയും സഹായത്തോടെ കണ്ടെത്തേണ്ടതാണ്.

5. നട്ടു പിടിപ്പിച്ച വൃക്ഷതൈകളുടെ പരിപാലനം തദ്ദേശിയ സർക്കാർ/അർദ്ധ സർക്കാർ/സഹകരണ/സന്നദ്ധ സ്ഥാപനങ്ങളുടെ സഹായത്തോടെ അതാത് എൻ.എസ്.എസ് കോളേജ് യൂണിറ്റുകൾ ഉറപ്പാക്കേണ്ടതാണ്.

ഓരോ മൂന്നു മാസ ഇടവേളകളിലും നട്ടു പിടിപ്പിച്ച വൃക്ഷതൈകളുടെ പരിപാലന പുരോഗതി സംബന്ധിച്ച പരിശോധനാ റിപ്പോർട്ട് ഐ.എൽ.ഡി.എം ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും ഇതിന് വീഴ്ച വരുത്തുന്നത് തുടർ പ്രവർത്തനങ്ങളിൽ നിന്നും ഒഴിവാക്കുന്നതിനുള്ള കാരണമായി കണക്കാക്കപ്പെടുന്നതുമാണ്. മികച്ച പരിപാലന പ്രവർത്തനം നടത്തുന്ന എൻ.എസ്.എസ് യൂണിറ്റുകൾക്ക് അവാർഡ്/ എൻഡോവ്മെന്റ് എന്നിവ വർഷാവർഷം ഏർപ്പെടുത്തേണ്ടതാണ്.

7. നദീ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന എൻ.എസ്.എസ് യൂണിറ്റുകൾ സമയവും സ്ഥലവും മുൻകൂട്ടി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിച്ചിരിക്കേണ്ടതും, ആവശ്യമുള്ള ഘട്ടങ്ങളിൽ അവരുടെ സേവനം ഉറപ്പാക്കേണ്ടതുമാണ്.

8. പദ്ധതി പൂർത്തയാക്കുന്നതിനെ തുടർന്ന് ഓരോ നദികളിലേയും പരിപാലന പ്രവർത്തനങ്ങൾ സംബന്ധിച്ച സമഗ്ര റിപ്പോർട്ട് കേരള യൂണിവേഴ്സിറ്റി എൻ.എസ്.എസ് കോ-ഓർഡിനേറ്ററുടെ ചുമതലയിൽ ഐ.എൽ.ഡി.എം ഡയറക്ടർ മുഖേന സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ജെ ബെൻസി**

അഡീഷണൽ **സെക്രട്ടറി**

ലാൻഡ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കൊല്ലം.
ഡയറക്ടർ, ഐ.എൽ.ഡി.എം, PTP നഗർ, PTP നഗർ പി ഒ, തിരുവനന്തപുരം -38.
പ്രോഗ്രാം കോ-ഓർഡിനേറ്റർ, National Service Scheme, കേരള സർവ്വകലാശാല, തിരുവനന്തപുരം -695 034
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1432
26/6/20

# GOVERNMENT OF KERALA

## Abstract

**Revenue Department - The Sand Auditing report of Chandragiri River (Part-II) - Approved-Orders issued**

---

## REVENUE (P) DEPARTMENT

**G.O.(Rt)No.2223/2020/RD** Dated,Thiruvananthapuram, 18/06/2020

---

Read 1 GO(Ms)No.355/2017/RD dated 24.10.17.

2 Letter no. ILDM/1496/2017/E1 dated 25.05.2020 from the Director, ILDM.

## ORDER

The Sand Auditing of Chandragiri River (Part-II) has been entrusted to Bharat Sevak Samaj (BSS), Kowdiar P.O, Thiruvananthapuram based on GO read as 1st Paper above. They have carried out sand auditing of Chandagiri River (Part-II) as per the Standard Guidelines of Institute of Land and Disaster Management (ILDM), The data and draft reports submitted by BSS at various stages of the work were scrutinised and verified by River Management Centre, ILDM. The Expert Committee Meeting on Sand Auditing held at ILDM on 17.01.2020 has evaluated the draft report presented by BSS and recommended for revised submission. BSS have submitted the final report on 22.05.2020.

The task of conducting Sand Auditing of Chandragiri River (Part-II) from Bridge of Vavadukkam (Shri.Vishnumoorthi Temple) to the confluence with Payaswini River in Kasargod District covered 20 kms. As part of Sand Auditing, cross sections were taken at 200 locations within the 20 km river stretch in chandragiri River (Part-II) with an averge interval of 100 m. Bedadka, Pullur Periye, Pallikkara and Chemmanad are the panchayats located on either banks of Chandragiri River (Part-II).

The volume of total sand available in Chandragiri River (Part-II) is estimated as **117190 m3** . The panchayat wise volume of total sand available in Chandragiri River (Part – II) is provided in Table below.

| Sl.No | Name of Panchayat | District | Volume of Total Sand (m3) | Volume of mineable Sand (m3) for three years |
|---|---|---|---|---|
| 1 | Bedadka Panchayat | Kasargod | 58594.99 | 10009.62 |
| 2 | Pullur Periye Panchayat | Kasargod | 17361.29 | 2848.25 |
| 3 | Pallikkara Panchayat | Kasargod | 27967.88 | 5630.138 |
| 4 | Chemmanad Panchayat | Kasargod | 13265.82 | 1531.228 |
| | Total | | 117189.98 | 20019.236 |

Government have examined the Sand Audit report of Chandragiri River (Part-II) and approved as above.

Chapter III, Section 12 of the Kerala Protection of River Banks and Regulation of Removal of Sand Act, 2001 and Section 29 of the Kerala Protection of River Banks and Regulation of Removal of Sand Rules, stipulates conditions for the sand removal operations for protection of river banks and bio-physical environment systems of the river. Accordingly, the District Collector, Kasargod is directed to accord sanction for sand mining in Chandragiri River (Part-II) for the coming three years with effect from the date of this order. Apart from this, the following conditions shall also be complied with.

1)The sand shall be mined only in a phased manner.

2)The mineable sand quantity shall be revised based on the subsequent sand audit only.

The responsibility of implementing this order flawlessly rests with the District Collector, Kasargod who shall meticulously take action to see that all instructions of the Government in this regard are implemented strictly and no unauthorised mining of sand or environmental degradation is allowed to happen.

The District Collector, Kasargod shall, in turn, furnish the action taken report with regard to this to Government Periodically.

(By order of the Governor)
**BENCY J**
**ADDITIONAL SECRETARY**

The Commissioner, Land Revenue, Thiruvananthapuram.
The District Collector, Kasargod.
The Director, ILDM, PTP Nagar PO, Thiruvananthapuram-38.
The Principal Accountant General (Audit), Kerala, Thiruvananthapuram.

The Accountant General (A & E), Kerala, Thiruvananthapuram
I& PRD(Web and New Media).
SF / O.C.

Forwarded /By order
Signature valid
Digitally signed by Kadeeja A A
Date: 2020.06.18 17:07:20 IST
Reason: Approved
Section Officer